www.karmasakthi.com

# കർമശക്തി

സമ്പൂർണ ജനകീയ ദിനപത്രം

കർമ്മോസ്തി ധർമ്മ

തിരുവനന്തപുരം • 2022 ഫെബ്രുവരി 10 വ്യാഴം | E-mail: karmasakthidaily@gmail.com | Ph:0471-4063111, 9061525391 | പേജ്: 8 | വില: 5 രൂപ

സക്സസ് കേരള
THE COMPLETE BUSINESS MAGAZINE
വായിക്കൂ...
വരിക്കാരാവൂ...!!!

# സൈന്യത്തിന് സല്യൂട്ട് ; മലയിടുക്കിൽ കുടുങ്ങിയ ബാബുവിന് പുതുജീവൻ

മലമ്പുഴ: മലമ്പുഴയിലെ മലയിടുക്കിൽ കുടുങ്ങിയ ബാബുവിനെ മണിക്കൂറുകൾ നീണ്ട പരിശ്രമത്തിന്റെ ഫലമായി സൈന്യം രക്ഷിച്ചു.

അവശനിലയിലായതിനെ തുടർന്ന് ബാബുവിനെ ആശുപത്രിയിലെത്തിക്കാൻ ഹെലികോപ്റ്റർ മലയിലെത്തുകയായിരുന്നു.

മലമുകളിലെത്തിച്ച ബാബുവിനെ ഗോവണി ഉപയോഗിച്ചാണ് ഹെലികോപ്റ്ററിൽ കയറ്റിയത്. ബാബു രക്തം ഛർദ്ദിച്ചതായും പെട്ടന്ന് തന്നെ ആശുപത്രിയിൽ എത്തിക്കണമെന്നും രക്ഷാപ്രവർത്തകർ ആവശ്യപ്പെട്ടിരുന്നു.

ആർമിയും എൻ.ഡി.ആർ.എഫും സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തിയത്.കേണൽ ഹേമന്ദ് രാജ് ആണ് രക്ഷാദൗത്യ സംഘത്തിന് നേതൃത്വം നൽകിയത്.

ഇന്നലെ രാത്രി മലമ്പുഴയിലെ മലയിലെത്തിയ സൈന്യം രാവിലെ 9 മണിക്കാണ് രക്ഷാപ്രവർത്തനം ആരംഭിച്ചത്.

രക്ഷപ്പെടുത്തിയ രക്ഷാപ്രവർത്തകരെ ചുംബിച്ചുകൊണ്ടാണ് ബാബു സ്നേഹം പ്രകടിപ്പിച്ചത്.

തിങ്കളാഴ്ച ഉച്ചയോടെയാണ് ബാബുവും സുഹൃത്തുക്കളും മല കയറിയത് . തിരിച്ചിറങ്ങുന്നതിനിടെ ബാബു മലയിടുക്കിൽ കുടുങ്ങി. ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചിരുന്നില്ല.





മലയിടുക്കിൽ കുടുങ്ങിയ ബാബു തന്നെയാണ് ഫയർഫോഴ്സിനെ വിവരം അറിയിച്ചതും

. നാട്ടുകാരും സന്നദ്ധപ്രവർത്തകരും ഫയർഫോഴ്സും രക്ഷപ്പെടുത്താൻ പലവിധ ശ്രമങ്ങൾ നടത്തിയെങ്കിലും മണിക്കൂറുകളോളം ബാബുവിൻറെ അടുത്തെത്താൻ ആർക്കും കഴിഞ്ഞില്ല.

ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ വടം കെട്ടി ബാബുവിനടുത്തേക്ക് സൈനികർ ഇറങ്ങുകയായിരുന്നു.

മലയിടുക്കിൽ കുടുങ്ങി 40 മണിക്കൂറിന് ശേഷമാണ് ബാബുവിന് വെള്ളവും ഭക്ഷണവും എത്തിക്കാൻ കഴിഞ്ഞത്.

നിലവിലെ ബാബുവിന്റെ അവസ്ഥ തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

## അടൂരിൽ കാർ അപകടം ; മൂന്ന് സ്ത്രീകൾ മരിച്ചു

അടൂർ ബൈപാസിൽ കാർ കനാലിലേക്ക് മറിഞ്ഞ് മൂന്ന് സ്ത്രീകൾ മരിച്ചു. നാലുപേരെ രക്ഷപ്പെടുത്തി.വണ്ടിയിൽ ഉണ്ടായിരുന്നവരെല്ലാം കൊല്ലം ആയൂർ സ്വദേശികളാണ്. അപകടത്തിൽ മരിച്ചത് ഇന്ദിര (57), ശ്രീജ (45), ശകുന്തള (51) എന്നിവരാണ്.

നാട്ടുകാരും ഫയർഫോഴ്സും ചേർന്നാണ് നാലുപേരെ ആദ്യ ഘട്ടത്തിൽ രക്ഷപ്പെടുത്തിയത്. വണ്ടി ഓടിച്ചിരുന്ന ആയൂർ സ്വദേശിയായ ശരത്തിനെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർ മദ്യപിച്ചിരുന്നതായി പൊലീസ് പറഞ്ഞു.



അപകടത്തിൽപ്പെട്ട കാർ

# സർക്കാരിന്റെ ഒന്നാം വാർഷികത്തിൽ നൂറുദിന പരിപാടിയുമായി മുഖ്യമന്ത്രി

തിരുവനന്തപുരം: ഇടതുപക്ഷ സർക്കാർ അധികാരത്തിലേറിയിട്ട് മെയ് 20ന് ഒരു വർഷം തികയുകയാണ്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികത്തിന് മുന്നോടിയായി മുഖ്യമന്ത്രി നൂറുദിന കർമ്മ പരിപാടികൾ പ്രഖ്യാപിച്ചു. ഒട്ടേറെ പ്രതിസന്ധിയിലൂടെയാണ് ഈ ഒരു കാലഘട്ടം കടന്നുപോയത്. കോവിഡിന്റ രണ്ടും മൂന്നും തരംഗങ്ങൾ ജനജീവിതത്തെ സാരമായി ബാധിച്ചു. എങ്കിലും നയപരമായ നീക്കങ്ങളിലൂടെ അവയെ അതിജീവിക്കാൻ നമുക്ക് കഴിഞ്ഞു. എന്നിരുന്നാൽ പോലും പല പ്രവർത്തനങ്ങളും കാരണങ്ങളാൽ തടസ്സപ്പെട്ടുപോയിട്ടുണ്ട്. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതെ പ്രാവർത്തികമാക്കാൻ ഗവൺമെന്റ് വളരെയേറെ പ്രയത്നിച്ചിട്ടുണ്ട്. അധികാരത്തിലേറിയപ്പോൾ 100 ദിന കർമ്മപരിപാടി പ്രഖ്യാപിച്ചിരുന്നു. വാർഷികത്തിൽ മറ്റൊരു 100 ദിന കർമ്മപരിപാടി കൂടി പ്രഖ്യാപിക്കുന്നതായി മുഖ്യമന്ത്രി അറിയിച്ചു. പദ്ധതികൾ ഫെബ്രുവരി 10ന് മെയ് 20 നും ഇടയിൽ ആയി തീർക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



### രണ്ടാം 100 ദിന കർമ്മ പരിപാടി

**രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ 1557 പദ്ധതികൾ.** വിശദാംശങ്ങൾ;

അതിഥി തൊഴിലാളികൾക്ക് അടക്കം കൂടുതൽ തൊഴിൽ ദിനങ്ങൾ

464714 തൊഴിലവസരങ്ങൾ സൃഷ്ടിക്കും

ഉന്നതനിലവാരത്തിലുള്ള 53 സ്കൂളുകൾ നാടിന്

ലൈഫ് മിഷനിലൂടെ 2000 വീടുകൾ നിർമിക്കും

എല്ലാ ജില്ലയിലും സുഭിക്ഷ ഹോട്ടൽ

15,000 പേർക്ക് പട്ടയം നൽകും

ഭൂമിയിൽ ഡിജിറ്റൽ സർവേ ആരംഭിക്കും

23 പുതിയ പോലീസ് സ്റ്റേഷനുകൾക്ക് തറക്കല്ലിടും

കുട്ടനാട് പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ ബണ്ട് നിർമ്മാണം

കിഫ് ബി വഴി ശബരിമല ഇടത്താവളങ്ങൾ നവീകരിക്കും

ഇടുക്കിയിൽ എയർസ്ട്രിപ്പ് ഉദ്ഘാടനം

1500 റോഡുകളുടെ ഉദ്ഘാടനം

മത്സ്യത്തൊഴിലാളികൾക്കുള്ള 532 വീടുകളുടെ താക്കോൽദാനം.

കോഴിക്കോട്ടും കൊല്ലത്തും മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ ഉദ്ഘാടനം തുടങ്ങി നിരവധി പദ്ധതികളാണ് നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## കൊവിഡ് രോഗികളുടെ എണ്ണം കുറയുന്നു

ഡൽഹി: രാജ്യത്ത് കൊവിഡ് മൂന്നാം തരംഗത്തിൽ പ്രതിദിന കോവിഡ് രോഗികളുടെ എണ്ണം ഒരു ലക്ഷത്തിൽ താഴെ. ഇരുപത്തിനാല് മണിക്കൂറിനിടെ 71, 365 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു.

അതേസമയം മരണ നിരക്കിലെ വർധനയാണ് ആശങ്ക. ഇന്നലെ മാത്രം 1217 മരണങ്ങൾ സ്ഥിരീകരിച്ചു.

പ്രതിദിന പോസിറ്റിവിറ്റി നിരക്ക് 4.54 ശതമാനമായി കുറഞ്ഞപ്പോൾ എട്ടരലക്ഷം പേരാണ് നിലവിൽ ചികിത്സയിൽ തുടരുന്നത്.

## കോൺഗ്രസിനെതിരെ ആരോപണവുമായി ജെ പി നദ്ദ

ഉത്തരാഖണ്ഡ് : കോൺഗ്രസ് പാർട്ടി എന്നും രാജ്യത്തെ ഭിന്നിപ്പിക്കുന്ന രാഷ്ട്രീയ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരുന്നതെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ആരോപിച്ചു.

ഉത്തരാഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിൽ നോടനുബന്ധിച്ച് കേദാർനാഥിൽ നടന്ന തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2011ലെ കേദർനാഥ് ദുരന്തത്തിൽ ലഭിച്ച ആശ്വാസതുകയിൽനിന്ന് കോൺഗ്രസ് നേതാക്കൾ മോഷണം നടത്തിയെന്നും നദ്ദ ആരോപിച്ചു.



FOODIE PANDA
REAL TASTE OF ARABIA
PALLICHAL TRIVANDRUM

അറേബ്യൻ രുചിയുടെ തനിമ നിറയുന്ന
വിഭവങ്ങളുമായി ഇതാ പള്ളിച്ചൽ
ജങ്ഷനടുത്ത് നാഷണൽ ഹൈവേയിൽ
ആധുനിക സൗകര്യങ്ങളോടെ ഒരു റസ്റ്റാറന്റ്.
അതാണ് Foodie Panda

മുന്നൂറോളം ഗായകരുടെ ലൈവ്
സംഗീതത്തിന്റെ ലഹരി നുകർന്ന്
വിഭവങ്ങളുടെ രുചി ആസ്വദിക്കാനൊരു
അപൂർവ്വാവസരം നിങ്ങൾക്ക് വേണ്ടി
ഞങ്ങളൊരുക്കിയിരിക്കുന്നു അതാണ്
Foodie Panda

Birth day പാർട്ടികൾക്കും മറ്റു
ഫങ്ഷനുകൾക്കും ഫോട്ടോ ഷൂട്ട് ഇവിടെ
സൗജന്യമാണ്. അതാണ് Foodie Panda

9895770741











# നമ്മൾ മനുഷ്യരാണ്...

ഞങ്ങൾ ഹിന്ദുവാണ്.....

നിങ്ങൾ മുസ്ലിം ആണ്..... അവർ ക്രിസ്ത്യൻ ആണ്.....

എല്ലാവരും മനുഷ്യരാണെന്ന് മാത്രം വിളിച്ചുപറയാൻ നമ്മളിൽ പലർക്കും ഇന്നും കഴിയാത്തതെന്തേ??

മതമാകുന്ന ചരടിൽ കിടന്നു വലിയുമ്പോൾ നഷ്ടമാകുന്ന നല്ല ബന്ധങ്ങളെക്കുറിച്ച് ഒരിക്കലെങ്കിലും നിങ്ങൾ ഓർക്കാറുണ്ടോ?

വർഗീയത വാഴുമ്പോൾ സൗഹൃദങ്ങൾക്കോ മറ്റു ബന്ധങ്ങൾക്കോ അവിടെ പ്രസക്തി ഇല്ല. ചിന്തകൾ മാത്രം. അതെ! വർഗീയ ചിന്തകൾ മാത്രം.

കോളെജിൽ ഹിജാബ് ധരിച്ച് വന്നതുകാരണം പഠനം നിഷേധിക്കപ്പെട്ട സഹപാഠികൾക്കൊപ്പം നിൽക്കേണ്ടവർ മറുഭാഗത്ത് കാവിഷോളും തലപ്പാവും അണിഞ്ഞ് ജയ്ശ്രീറാം വിളിക്കുന്നത് എത്രത്തോളം മ്ലേച്ഛകരമാണെന്ന് മനസിലാക്കാൻ പലർക്കും കഴിയാതെ പോയല്ലോ...



മതമല്ല മനുഷ്യത്വമാണ് ഒരു മനുഷ്യന് വേണ്ടതെന്ന് ഇനി ഏതു കാലം ആളുകൾ മനസിലാക്കും! ശിരസറ്റ മനുഷ്യനിൽ പോലും മതം പച്ചക്കുത്തുന്ന മനുഷ്യരെ മാറേണ്ടത് നമ്മൾ തന്നെയാണ്.തോൾചേർന്ന് നടക്കേണ്ടവർക്കിടയിൽ മതചിന്ത വന്നെങ്കിൽ അത് മാറ്റേണ്ടതും നമ്മളാണ്. നമ്മൾ മനുഷ്യരാണ്.

# ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് തുടക്കം



തിരുവനന്തപുരം: ഈ വർഷത്തെ ആറ്റുകാൽ പൊങ്കാലമഹോത്സവത്തിനു ഇന്നലെ തുടക്കം കുറിച്ചു.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ചടങ്ങുകൾ നടത്തുക.

ക്ഷേത്രപരിസരത്ത് പരമാവധി 200 പേർക്ക് മാത്രമാണ് ഈ വർഷവും പ്രവേശനമുണ്ടാവുക.

കഴിഞ്ഞ വർഷത്തേത് പോലെ പൊങ്കാല വീടുകളിൽ നടത്താനാണ് തീരുമാനം.

ഫെബ്രുവരി 17നാണ് പ്രശസ്തമായ ആറ്റുകാൽ പൊങ്കാല. രാവിലെ 10.50 ന് പണ്ടാര അടുപ്പിൽ തീ കൊളുത്തും. അന്നദാനത്തിനു അനുമതിയുണ്ട്.




# എൽദോ – ഷോർട്ട് ഫിലിം റിലീസ് ഇന്ന്

തിരുവനന്തപുരം: ഡിഫറന്റ് ആർട് സെന്ററിലെ ഭിന്നശേഷിക്കുട്ടിയായ എൽദോ കുര്യാക്കോസ് അഭിനയിച്ച എൽദോ – ഹ്രസ്വ ചിത്രത്തിന്റെ റിലീസ് ഇന്ന് വൈകുന്നേരം 5ന് നടക്കും. കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിലെ ഡിഫറന്റ് ആർട് സെന്ററിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര നിർമാതാവും ഗോകുലം ഗ്രൂപ്പ് ഓഫ് ചെയർമാനുമായ ഗോകുലം ഗോപാലൻ ഹ്രസ്വ ചിത്രത്തിന്റെ റിലീസ് നിർവഹിക്കും. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ പ്രജേഷ് സെൻ മുഖ്യാതിഥിയാകും. മാജിക് അക്കാദമി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് ആമുഖ പ്രഭാഷണം നടത്തും. ഹ്രസ്വചിത്ര അഭിനേതാക്കളായ എൽദോ കുര്യാക്കോസ്, ടോണി, സ്വപ്നപിള്ള, നിധരാധ, മായ, മുരളി കൊടുങ്ങല്ലൂർ, ഔസേപ്പച്ചൻ, പരീദ്, ബാലതാരം ദേവദേവൻ, നിർമാതാവ് അലൻ, അസോസിയേറ്റ് ഡയറക്ടർ രഘു ഒറ്റപ്പാലം, സംഗീത സംവിധായകൻ അജി സരസ്, ഗാനരചയിതാവ് ജിബി പാലയ്ക്കൽത്താഴ, ഗായിക ശരണ്യ, എഡിറ്റർ ക്രിസ്റ്റി ഫ്രാൻസിസ്, പ്രൊഡക്ഷൻ മാനേജർ ശ്രീജിത്ത് ജിതപ്പൻ എന്നിവർ പങ്കെടുക്കും. ഹ്രസ്വ ചിത്ര സംവിധായകൻ ജോബി കൊടകര സ്വാഗതവും എൽദോയുടെ അമ്മ സിനികുര്യാക്കോസ് നന്ദിയും പറയും. 21 മിനിട്ട് ദൈർഘ്യമുള്ള ഹ്രസ്വചിത്രം ഭിന്നശേഷിക്കുട്ടിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് വരച്ചുകാട്ടുന്ന ചിത്രം കൂടിയാണ്. ചിത്രത്തിൽ എൽദോ മികച്ച അഭിനയമാണ് കാഴ്ചവച്ചിരിക്കുന്നത്. മിമിക്രിയിലും നൃത്തത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അതുല്യ പ്രതിഭയായ എൽദോ കുര്യാക്കോസ് 2019 മുതൽ ഡിഫറന്റ് ആർട് സെന്ററിൽ തന്റെ കഴിവ് സന്ദർശകർക്കായി പ്രദർശിപ്പിച്ചുവരികയാണ്.




# നന്മ മരം പ്രവർത്തനങ്ങൾ അനുകരണീയം : മന്ത്രി പി പ്രസാദ്

ജീവിത ശൈലിയും ആഹാരവും ശ്രദ്ധിച്ചാൽ തന്നെ ക്യാൻസർ എന്ന മഹാവിപത്തിനെ വലിയ തോതിൽ നേരിടാൻ നമ്മുക്ക് കഴിയുമെന്ന് മന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. നന്മ മരം ഫൗണ്ടേഷൻ നടത്തിയ ലോക ക്യാൻസർ ദിന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വൻതോതിൽ രാസവളം ചേർന്ന കൃഷി ഉത്പന്നങ്ങൾ ആണ് നാം കഴിക്കുന്നത്. ഭക്ഷണം ശുദ്ധവും ആരോഗ്യകരവുമാകാൻ ആ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയണം. ഇത്തരം ഒരു സന്ദേശ പ്രചാരണം ഏറ്റെടുത്ത നന്മ മരം പ്രവർത്തനം അനുകരണീയമെന്നു മന്ത്രി അഭിപ്രായപ്പെട്ടു.

നന്മ മരം സ്ഥാപകൻ ഡോ സൈജു ഖാലിദ് അധ്യക്ഷത വഹിച്ചു. 'സേ നോ ടു ക്യാൻസർ' ക്യാമ്പയിൻ ഉദ്ഘാടനം ഐ എം എ സംസ്ഥാന പ്രസിഡന്റ് ഡോ സാമുവൽ കോശി നിർവഹിച്ചു.

തിരുവനന്തപുരം ആർ സി സി യിലെ പ്രൊഫസർ ഡോ ജയകൃഷ്ണൻ ക്യാൻസർ ദിന സന്ദേശം നൽകി.

ഡോ എ പി മുഹമ്മദ്, ഷീജ നൗഷാദ്,ബിനോയ് വി.ജെ, ഷാജഹാൻ രാജധാനി, സമീർ സിദ്ദീഖി, ബൈജു എം ആനന്ദ്, സക്കീർ ഒതലൂർ, മുഹമ്മദ് ഷാഫി എം കെ,സുൽഫിക്കർ അമ്പലക്കണ്ടി, രാജശീ എസ്, ഹഫ്സത് ടി എസ്,ഹരീഷ് കുമാർ, സിന്ധു ആർ,പി. സിദ്ധീഖ് മാസ്റ്റർ, അർച്ചന ശ്രീകുമാർ എന്നിവർ സംസാരിച്ചു.







*The sharpest tool for branding*

**സക്സസ് കേരള**

THE COMPLETE BUSINESS MAGAZINE

വായിക്കൂ... വരിക്കാരാവൂ... അന്വേഷണങ്ങൾക്ക്: 9061525391, 9846766691

# ലോകായുക്തയെ നോക്കുകുത്തി ആക്കാനുള്ള ശ്രമം; സിപിഎം കേന്ദ്ര നേതൃത്വം മൗനം പാലിക്കുന്നത് വിരോധാഭാസം : കേന്ദ്ര മന്ത്രി വി മുരളീധരൻ

ന്യൂഡൽഹി: അഴിമതിക്കെതിരെ നിലകൊള്ളേണ്ട ലോകായുക്തയെ വെറും നോക്കുകുത്തി ആക്കാനുള്ള ശ്രമമാണ് അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിച്ച പിണറായി സർക്കാർ പുതിയ ഓർഡിനൻസിലൂടെ ലക്ഷ്യമിടുന്നത് എന്ന് കേന്ദ്ര വിദേശകാര്യ, പാർലമെന്ററി കാര്യ സഹമന്ത്രി വി മുരളീധരൻ പറഞ്ഞു.

കേന്ദ്ര ഗവൺമെൻറിൻറെ ഓർഡിനൻസുകളെ സ്ഥിരമായി എതിർക്കാറുള്ള സിപിഐഎം ലോകായുക്തയുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള ഓർഡിനൻസിനെക്കുറിച്ച് മൗനം പാലിക്കുന്നത് വിരോധാഭാസമാണ്.



സ്വന്തം മന്ത്രിസഭയിലെ സിപിഐയുടെ എതിർപ്പിനെ അവഗണിച്ച് ഗവർണർക്കുമേൽ ലോകായുക്ത ഓർഡിനൻസ് അടിച്ചേൽപ്പിക്കുകയാണുണ്ടായത് എന്നത് പകൽ പോലെ വ്യക്തമാണ്. ഒരു ഭരണഘടനാ പദവി വഹിക്കുന്ന ഏതൊരു ഗവർണറും സ്വീകരിക്കുന്ന നടപടിക്രമങ്ങൾ കോൺഗ്രസ് നേതാക്കൾക്ക് അറിയാമെന്നിരിക്കെ ഓർഡിനൻസ് ഒപ്പുവെച്ചു എന്നതിൻറെ പേരിൽ ഗവർണറുടെ ഓഫീസിനെ വിവാദങ്ങളിലേക്ക് വലിച്ചിഴക്കുന്നത് രാഷ്ട്രീയ സങ്കുചിത മനോഭാവം ആണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അന്വേഷണ ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിയ സംഭവം; ദിലീപും കൂട്ടുപ്രതികളും കോടതിയിൽ ഹാജരായി

കൊച്ചി:നടിയെ ആക്രമിച്ച കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ മുൻകൂർ ജാമ്യം ലഭിച്ച നടൻ ദിലീപ് അടക്കമുള്ള കൂട്ടുപ്രതികൾ കോടതിയിൽ ഹാജരായി. ദിലീപിനെ കൂടാതെ സഹോദരൻ അനൂപ്, സഹോദരി ഭർത്താവ് സുരാജ് എന്നിവരും കോടതിയിലെത്തി.





കർശന ഉപാധികളോടെയാണ് കോടതി ദിലീപ് അടക്കമുള്ള പ്രതികൾക്ക് ജാമ്യം അനുവദിച്ചിരുന്നത്. നേരത്തെ ആലുവ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പ്രകാരം ദിലീപും സഹോദരൻ അനൂപ് സഹോദരീഭർത്താവ് സുരാജ് എന്നിവരും ഇന്നലെ കാക്കനാട് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ശബ്ദ പരിശോധനയ്ക്ക് വിധേയരായിരുന്നു.

# ഓസ്കാർ നോമിനേഷനിൽ ഇടം നേടി 'റൈറ്റിങ് വിത്ത് ഫയർ'

മലയാളിയായ റിന്റു തോമസും ഭർത്താവ് സുഷ്മിത് ഘോഷും സംവിധാനം ചെയ്ത 'റൈറ്റിങ് വിത്ത് ഫയർ' എന്ന ഡോക്യുമെന്ററി ചിത്രം ഓസ്കാർ പുരസ്കാരത്തിനുള്ള നോമിനേഷൻ പട്ടികയിൽ ഇടം പിടിച്ചു. ബെസ്റ്റ് ഡോക്യുമെന്ററി ഫീച്ചർ വിഭാഗത്തിലേക്കാണ് 'റൈറ്റിങ് വിത്ത് ഫയർ' തെരഞ്ഞെടുക്കപ്പെട്ടത




ഓസ്കാർ ഡോക്യുമെന്ററി ഫീച്ചർ വിഭാഗത്തിലെ 15 ചിത്രങ്ങളിൽ നിന്നുമായി തിരഞ്ഞെടുത്ത അഞ്ച് ചിത്രങ്ങളിൽ ഒന്നാണ് റൈറ്റിങ് വിത്ത് ഫയർ.

2021 ജനുവരിയിൽ നടന്ന സൺഡാൻസ് ഫിലിം ഫെസ്റ്റിവലിലാണ് ഈ ഡോക്യുമെന്ററി ആദ്യമായി പ്രദർശിപ്പിച്ചത്.

'വാർത്തകളുടെ തിരമാല' എന്ന് അർഥം വരുന്ന 'ഖബർ ലഹാരിയ' എന്ന ഹിന്ദു പത്രത്തെക്കുറിച്ചാണ് ഡോക്യുമെന്ററിയിൽ പറയുന്നത്.

2002 ൽ ആരംഭിച്ച പത്രത്തിന് എട്ട് എഡിഷനുകളിലായി 80,000 ത്തിലേറെ വായനക്കാരുണ്ടായിരുന്നു. പിന്നീട് ഈ പത്രം ഡിജിറ്റൽ രൂപത്തിലാക്കുകയായിരുന്നു.

ഇതിനകം ഇരുപതിൽ കൂടുതൽ അന്താരാഷ്ട്ര ബഹുമതികൾ 'റൈറ്റിങ് വിത്ത് ഫയർ' ഡോക്യുമെന്ററിക്ക് കിട്ടിയിട്ടുണ്ട്.

# വിദ്യാകിരണം മിഷൻ: ജില്ലയിൽ 9 സ്കൂളുകൾ കൂടി മികവിന്റെ കേന്ദ്രങ്ങളാകുന്നു

## ഉദ്ഘാടനം പൂവച്ചൽ ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ മുഖ്യമന്ത്രി നിർവഹിക്കും

തിരുവനന്തപുരം: നവകേരളം കർമപദ്ധതിയുടെ ഭാഗമായി നിർമാണം പൂർത്തിയാക്കിയ 53 ബഹുനിലസ്കൂൾമന്ദിരങ്ങൾ ഉദ്ഘാടനത്തിനായി തയാറെടുക്കുമ്പോൾ, ജില്ലയിൽ മികവിന്റെ കേന്ദ്രങ്ങളുടെ പട്ടികയിൽ ഒൻപത് സ്കൂളുകൾ കൂടി ഇടംപിടിക്കുകയാണ്. അരുവിക്കര, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, കാട്ടാക്കട, വർക്കല, കഴക്കൂട്ടം നിയോജക മണ്ഡലങ്ങളിലെ ഒൻപത് സ്കൂളുകളിലായി 10 ബഹുനിലമന്ദിരങ്ങളാണ് വിദ്യാകിരണം മിഷന്റെ ഭാഗമായി പണിതത്. കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, ഇതര ഫണ്ടുകൾ എന്നിവ ഉപയോഗിച്ചാണ് കെട്ടിടങ്ങളുടെ നിർമാണം. ബഹുനിലമന്ദിരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ നിർവഹിക്കും.

കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അഞ്ച് കോടി രൂപയും പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഒരു കോടി രൂപയും ചെലവഴിച്ച് നിർമിച്ച രണ്ട് മന്ദിരങ്ങളാണ് പൂവച്ചൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുന്നത്. ഗവൺമെന്റ് യു.പി.എസ് കുമാരപുരം, ഗവൺമെന്റ് എൽ.പി.എസ് മേനംകുളം, ഗവൺമെന്റ് എച്ച്.എസ്.എസ് കുളത്തുമ്മൽ, ഗവൺമെന്റ് എൽ.പി.എസ് ചെമ്പനാകോട്, ഗവൺമെന്റ് യു.പി.എസ് റസൽപുരം, ജി.എം.യു.പി.എസ് ഇടവ, ഗവൺമെന്റ് എൽ.പി.എസ് നാവായിക്കുളം, ഗവൺമെന്റ് യു.പി.എസ് കാട്ടായിക്കോണം എന്നിവിടങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചാണ് ബഹുനിലമന്ദിരങ്ങൾ നിർമിച്ചിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജി.സ്റ്റീഫൻ എം.എൽ.എ സ്കൂൾ മന്ദിരങ്ങളുടെ താക്കോൽ ഏറ്റുവാങ്ങും.

മന്ത്രിമാർ, എം.പിമാർ, ത്രിതലപഞ്ചായത്ത് അധ്യക്ഷന്മാർ, മറ്റ് ജനപ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.

# വിഴിഞ്ഞം തുറമുഖ പദ്ധതി 2022 ൽ ഉദ്ഘാടനം ചെയ്യും: മന്ത്രി അഹമ്മദ് ദേവർ കോവിൽ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പുരോഗമിക്കുന്നുണ്ടെന്നും ഈ വർഷം തന്നെ പണി പൂർത്തിയാക്കി ഉദ്ഘാടനം നടത്താൻ കഴിയുമെന്നും തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതിയുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ പങ്കെടുത്ത ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇലക്ട്രിക് സബ്സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവയുടെ ഉദ്ഘാടനം മാർച്ചിൽ നിർവ്വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ പുലിമുട്ട് നിർമ്മാണം 1550 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. 3200 മീറ്ററാണ് പൂർത്തിയാക്കാനുള്ളത്. പ്രതിദിനം 10,000 ടൺ മുതൽ 13,000 ടൺ വരെ പാറ കല്ലുകളാണ് കടലിലേക്ക് നിക്ഷേപിച്ചു വരുന്നത്. അത്രയും തന്നെ പാറകല്ലുകൾ സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഏഴു ബാർജുകൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 11 ബാർജുകളിലാണ് പാറകല്ലുകൾ നിക്ഷേപിച്ചു വരുന്നത്. പ്രകൃതി അനുകൂലമായാൽ പ്രതീക്ഷിച്ചതിലും വേഗത്തിൽ കപ്പൽ എത്തിക്കാൻ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



തുറമുഖത്തിന്റെ പണിക്കാവശ്യമായ പാറകൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലവിൽ തമിഴ്നാട് സർക്കാരുമായി സംസാരിച്ചു പരിഹരിച്ചിട്ടുണ്ട്.

ഹൈവേ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര മന്ത്രിയുമായി പല വിധത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്.

റെയിൽവേയുമായി നിലനിൽക്കുന്ന തർക്കവിഷയങ്ങളിൽ പരിഹാരം കാണുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രിയുടെ ഓഫീസുമായി ചർച്ചകൾ നടത്തി അവർ ആവശ്യപ്പെട്ട രീതിയിലുള്ള ഡി. പി. ആർ റെയിൽവേ അംഗീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പദ്ധതി പ്രദേശത്തെ മറ്റ് വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാണെന്നും അദ്ദേഹം കൂട്ടി ചേർത്തു.

തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന ട്രാക്കുകളുടെ സുഗമമായ നീക്കം ഉറപ്പു വരുത്തുന്നതിനും പദ്ധതിയുടെ മറവിൽ അനധികൃത പാറ കടത്തൽ ശ്രമങ്ങൾ തടയാനുമായി വികസിപ്പിച്ച ആപ്ലിക്കേഷന്റെ ഉദ്ഘാടനവും ഹോളോഗ്രാം പതിപ്പിച്ച ട്രക്കുകളുടെ ഫ്ലാഗ് ഓഫ് കർമ്മവും മന്ത്രി നിർവഹിച്ചു.

ട്രക്കുകളിൽ പതിപ്പിച്ചിട്ടുള്ള ക്യു ആർ കോഡ് സ്കാൻ ചെയ്തു പൊതുജനങ്ങൾക്കും പാറക്കല്ലുകൾ എങ്ങോട്ടാണ് കൊണ്ടുപോകുന്നത് എന്നും എത്ര ടൺ ആണിതിൽ ഉള്ളതന്നും അറിയാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

അവലോകനയോഗത്തിന് മുൻപായി ഇലക്ട്രിക് സബ്സ്റ്റേഷന്റെ പ്രവർത്തന പുരോഗതി മന്ത്രി വിലയിരുത്തുകയും തുറമുഖ പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. തുറമുഖത്ത് നിന്നും ദേശീയപാതയിലേക്ക് കയറുന്ന ലിങ്ക് റോഡ് കണക്റ്റിവിറ്റി ജംഗ്ഷനും മന്ത്രി സന്ദർശിച്ചു.



ജലസേചന വകുപ്പ് വിവിധ ശുചീകരണ പദ്ധതികളുടെ ഭാഗമായി SILT PUSHER TRIAL RUN ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു

# ഗോവ തിരഞ്ഞെടുപ്പ് ; ബി.ജെ.പി വീണ്ടും അധികാരത്തിൽ എത്തുമെന്ന് പ്രമോദ് സാവന്ത്

പനാജി:ഗോവയിൽ ബി.ജെ.പി തന്നെ വീണ്ടും അധികാരത്തിലെത്തുമെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത്.

ഇരുപത്തിരണ്ടിലധികം സീറ്റ് നേടി തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റ കക്ഷിയായി ബി.ജെ.പി മാറുമെന്ന് സാവന്ത് പറഞ്ഞു.



കോൺഗ്രസ് വോട്ടുകൾ ഭിന്നിക്കുമെന്നും ആം ആദ്മി പാർട്ടിയും തൃണമൂൽ കോൺഗ്രസും ബി.ജെ.പിക്ക് വെല്ലുവിളിയാകില്ലെന്നും പ്രമോദ് സാവന്ത് പറഞ്ഞു.

ഗോവയിൽ മൂന്നാം ടേം ലക്ഷ്യമിട്ടാണ് ബി.ജെ.പിയുടെ പ്രചാരണം.






# നന്മ തൊട്ടുണർത്തി BRO ചാരിറ്റബിൾ സൊസൈറ്റി

ജീവൻ തന്നെ അപടത്തിൽപ്പെടുന്ന സന്ദർഭങ്ങളിൽ, ആശ്വാസമേകാനും ജീവന് കൈത്താങ്ങാകാനും ദൈവത്തിന്റെ അദൃശ്യകരങ്ങൾ നമ്മെ തേടിവരാരുണ്ട്. അത് ചിലപ്പോൾ പരിചിതരോ, അപരിചിതരോയായ വ്യക്തികളുടെ രൂപത്തിലാകാം. ദൈവത്തിന്റെ മാലാഖമാരായി തന്നെയാണ് അത്തരത്തിലുള്ള വ്യക്തികളെ നാം കാണുന്നത്.

നന്മ തൊട്ടുണർത്തി, നമുക്കു മുമ്പിൽ രക്ഷകരായി അവതരിക്കുന്നവർ ആദരിക്കപ്പെടേണ്ടവർ തന്നെയാണ്. അത്തരത്തിൽ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ ഒരു കൂട്ടം ആളുകൾ ഇതാ നമുക്ക് മുമ്പിൽ ഉണ്ട്. "മാനവസേവ മാധവ സേവ, മനുഷ്യ സേവനം തന്നെ ഈശ്വര സേവനം" എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകളിൽ ഊർജസ്വലരായി, നമ്മുടെ സമൂഹത്തിൽ വേദനകളും കഷ്ടപ്പാടുകളും ദുരിതങ്ങളും പേറുന്നവർക്ക് ഒരു കൈത്താങ്ങായി, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായി സമൂഹ മനഃസാക്ഷിയെ തൊട്ടുണർത്തി ബോധവൽക്കരിച്ചു, തങ്ങളുടേതായ ശൈലിയിൽ യാത്ര ആരംഭിച്ച ഒരു കൂട്ടം ചെറുപ്പക്കാർ ഇപ്പോൾ എത്തി നിൽക്കുന്നത് 'ബ്ലഡ് റിലേഷൻ ഓർഗനൈസേഷൻ ചാരിറ്റബിൾ സൊസൈറ്റി'യിലാണ്. കഴിഞ്ഞ രണ്ടു വർഷമായി, ദുരിതമനുഭവിക്കുന്നവരുടെ ആശ്രയമായി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയുടെ അമരക്കാരൻ, പൊതുപ്രവർത്തകൻ കൂടിയായ രഞ്ജിത്ത് കൊല്ലകോണമാണ്.

ജാതി മത രാഷ്ട്രീയ ഭേദമന്യേ ഏവർക്കും പ്രയോജനപ്രദമാകുന്ന രീതിയിലാണ് B R O പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പല പ്രദേശങ്ങളിലേയും ജനജീവിതവുമായി B R O നിരന്തരം സമ്പർക്കം പുലർത്തുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ്, RCC, ശ്രീചിത്ര, SAT, തൈക്കാട് Govt. Hospital, ജനറൽ ആശുപത്രി, ഗോകുലം മെഡിക്കൽ കോളേജ്, PRS, നിംസ് തുടങ്ങിയ ആശുപത്രികളിൽ BRO സംഘടനയുടെ പ്രവർത്തകർ രക്തദാനം നൽകി വരുന്നു. ഇപ്പോൾ സമൂഹത്തിൽ നിലനിൽക്കുന്ന കോവിഡ് 19 രോഗവ്യാപനത്തിലും മുൻപ് ഉണ്ടായിട്ടുള്ള ദുരന്തങ്ങളിലും പെട്ടുപോയ സാധാരണക്കാരെ രക്ഷിക്കാൻ BRO യുടെ സഹായ ഹസ്തങ്ങൾ ഉണ്ടായിരുന്നു.

സാമൂഹ്യ പ്രവർത്തനങ്ങളിലും അതോടൊപ്പം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും ഏറെ സജീവമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് രഞ്ജിത്. അച്ഛനും അമ്മയും രണ്ട് പെങ്ങന്മാരും അടങ്ങുന്ന ഒരു കൊച്ചുകുടുംബം. അച്ഛനും പൊതുപ്രവർത്തകനായിരുന്നു. അതു കൊണ്ടുതന്നെ താനും പൊതുപ്രവർത്തനത്തിലേക്ക് ശ്രദ്ധ കേന്ദ്രികരിച്ചു എന്നാണ് രഞ്ജിത്ത് പറയുന്നത്.



സാമ്പത്തികമായോ മറ്റൊരു തരത്തിലുമുള്ള സഹായങ്ങളോ ഒന്നും തന്നെ ഇത്തരം പ്രവൃത്തികളുടെ ഫലമായി ഉണ്ടായിട്ടില്ലെന്ന് രഞ്ജിത്ത് പറയുന്നു. താൻ അത് ആഗ്രഹിക്കുന്നുമില്ല. ആദ്യമൊക്കെ രക്തം ആവശ്യക്കാർക്ക് എത്തിക്കുന്നതിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. എന്നാൽ ആ പ്രതിസന്ധികളിൽ നിന്നെല്ലാം മാറി ഇപ്പോൾ വളരെയധികം പ്രതീക്ഷകൾ മുന്നിൽ കണ്ടുകൊണ്ടാണ് B R O മുന്നോട്ടേക്ക് കുതിക്കുന്നത്.

രക്തദാനം, അവയവ ദാനം, ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ക്യാൻസർ രോഗികൾക്ക് ധനസഹായം, നിർധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായം ഒരുക്കുക, പരിസ്ഥിതി സംരക്ഷണം, കാർഷിക ഉന്നമനം, ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുക, തൊഴിലില്ലായ്മ പരിഹാരം, മാനസിക ഉന്മേഷത്തിനായി യോഗാ ക്ലാസ്സ്, ജിം, മറ്റു കായിക പരിശീലനങ്ങൾ, കലാസാഹിത്യ പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കൽ, സൗജന്യ ആംബുലൻസ് സർവീസ്, നിർധനർക്ക് ഭക്ഷ്യകിറ്റ് വിതരണം തുടങ്ങിയവയെല്ലാം BRO ചാരിറ്റബിൾ സോസൈറ്റിയുടെ എടുത്തു പറയേണ്ട ലക്ഷ്യങ്ങൾ തന്നെയാണ്.

മനുഷ്യജീവൻ സംരക്ഷിക്കാൻ നമ്മുടെ ഉള്ളിൽ സ്നേഹത്തിന്റെ ഒരു കണവും നന്മയും സാമൂഹിക പ്രതിബദ്ധതയും ഉണ്ടായേ തീരൂ. നമുക്ക് ചുറ്റുമുള്ള സമൂഹത്തിൽ കഷ്ടപ്പെടുന്ന മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും നിറകണ്ണുകൾ തുടയ്ക്കുവാൻ അതിന് വേണ്ടി അൽപമെങ്കിലും ആത്മാർത്ഥതയോടെ നിൽക്കാൻ താല്പര്യമുള്ളവരെ തനിക്ക് ഒപ്പം ചേർക്കാൻ രഞ്ജിത് ആഗ്രഹിക്കുന്നുണ്ട്. ക്യാൻസർ രോഗികൾക്കായ ഒരു പ്രത്യേകം ഒരു ഫണ്ട് ഏർപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇപ്പോൾ രഞ്ജിത്തിന് മുൻപിൽ ഉള്ളത്.

ചെയ്യുന്ന പ്രവൃത്തികൾക്കൊന്നും യാതൊരു വിധത്തിലുള്ള പ്രതിഫലവും താൻ ആഗ്രഹിക്കുന്നില്ല എന്ന് രഞ്ജിത് പറയുന്നു. അതുകൊണ്ട് തന്നെ ഇപ്പോൾ ഇതാ അദ്ദേഹത്തിന് കിട്ടിയ ആദരവുകളും അംഗീകാരങ്ങളും രഞ്ജിത്ത് കൊല്ലകോണം എന്ന വ്യക്തിക്ക് സമൂഹത്തിൽ തിളക്കമാർന്ന ഒരു സ്ഥാനം നേടിക്കൊടുത്തു. നിംസ് മെഡിസിറ്റിയിൽ നിന്നും PRS മാനേജിങ് ഡയറക്ടർ മുരുകന്റെ കൈകളിൽ നിന്നും രഞ്ജിത്ത് ആദരവ് ഏറ്റുവാങ്ങിയിട്ടുണ്ട്.

രക്തദാനത്തിൽ പങ്കാളികളാകുന്ന ഡോനേഴ്സിനും തന്റെ ഫേസ്ബുക്ക് പേജിലൂടെ രക്തദാനത്തിൽ പങ്കാളിയായതിൽ രഞ്ജിത്ത് നന്ദി രേഖപ്പെടുത്താറുണ്ട്. രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ അതിൽ പങ്കാളികളായി ഒപ്പം എൺപതോളം NSS വിദ്യാർത്ഥികളും രഞ്ജിത്തിന്റെ ഒപ്പം ചേരാറുണ്ട്.

രക്തം നൽകുന്നവർക്കും അവർക്ക് ആവശ്യം വരുന്ന ഘട്ടത്തിൽ അവരെ സഹായിക്കാനും ഈ സംഘടന തയ്യാറാക്കുന്നുണ്ട് എന്നതും എടുത്തു പറയേണ്ട വസ്തുത തന്നെയാണ്. ഇതിനു പുറമെ, തന്റെ നിയോജകമണ്ഡലത്തിലെ 38 ആശാ പ്രവർത്തകരെ രഞ്ജിത്ത് ആദരിച്ചിട്ടുണ്ട്.

രഞ്ജിത്ത് കൊല്ലകോണം എന്ന സാമൂഹ്യപ്രവർത്തകന് നമ്മോട് പറയാനുള്ളത് ഇതാണ്; "സമൂഹത്തിൽ നല്ല പ്രവൃത്തികൾ ചെയ്യുക എന്നത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഗാന്ധിജിയെയും മദർ തെരേസയെയും നാം ഇന്നും ഓർക്കുന്നത് അവർ ചെയ്ത നല്ല പ്രവൃത്തികൾ കൊണ്ടാണ്. എത്ര ശക്തിമാനായിരുന്നാലും എത്ര ബുദ്ധിമാനായിരുന്നാലും കയ്യിൽ എത്ര പണം ഉണ്ടായിരുന്നാലും അതിനു മുകളിൽ നിൽക്കുന്ന സത്യം എന്ന ഊർജത്തിൽ ഞാൻ വിശ്വസിക്കുന്നുണ്ട്. അത്തരത്തിൽ ഒരു പോളിസി കൂടി എനിക്കുണ്ട്. Hard work never fails. നമ്മൾ ചെയ്യുന്ന നല്ല പ്രവർത്തികളിലൂടെ പുതുതലമുറ നമ്മളെ ഓർക്കണം".



PRS മാനേജിങ് ഡയറക്ടർ മുരുകനിൽ നിന്നും ആദരവ് ഏറ്റുവാങ്ങുന്നു



നിംസ് മെഡിസിറ്റിയിൽ നിന്നും ആദരവ് ഏറ്റുവാങ്ങുന്നു



BROചാരിറ്റബിൾ സൊസൈറ്റി ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നിർദ്ധന വിദ്യാർത്ഥിക്ക് TV വാങ്ങിക്കൊടുക്കുന്നു











കർമശക്തി
സമ്പൂർണ ജനകീയ ദിനപത്രം
വായിക്കൂ..
വരിക്കാരാവൂ...
അന്വേഷണങ്ങൾക്ക് : 9061525391, 984676691

# കോവിഡ് പരിശോധന നിരക്ക് കുറച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ കോവിഡ് പരിശോധനകളുടെയും, സുരക്ഷാ സാമഗ്രികളുടെയും നിരക്ക് കുറച്ചതായി ആരോഗ്യമന്ത്രി വീണ ജോർജ്.

ആർടിപിസിആർ -300 രൂപ, ആന്റിജൻ ടെസ്റ്റ്-100 രൂപ, എക്സ്പെർട്ട് നാറ്റ് - 2,350 രൂപ, ട്രൂനാറ്റ് -1225 രൂപ, ആർടി ലാമ്ബ് -1025 രൂപ എന്നിങ്ങനെയാണ് പുതുക്കിയ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എല്ലാ ചാർജുകളും ഉൾപ്പെടെയുള്ള നിരക്കാണ് ഇത്.

എൻ 95 മാസ്ക് ഒരെണ്ണത്തിന് 5.50 രൂപ മുതൽ 15 രൂപ വരെയാണ് പരമാവധി വില പറയുന്നത് . അമിത ചാർജ് ഈടാക്കുന്നവർക്കെതിരെ കർശന മായ നടപടി എടുക്കുമെന്ന് മന്ത്രി വ്യക്തമാക്കി.



മന്ത്രി അഹമ്മദ് ദേവർ കോവിൽ VISVAMS വെബ്പോർട്ടൽ പ്രകാശനവും പാസ് ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളുടെ ഫ്ളാഗ്ഓഫും നിർവഹിക്കുന്നു

# ഈ സഞ്ജീവനിയിൽ പോസ്റ്റ് കോവിഡ് ഒ.പി. സേവനം തുടങ്ങി

തിരുവനന്തപുരം; ഇ സഞ്ജീവനിയിൽ പോസ്റ്റ് കോവിഡ് ഒ പി സേവനം ആരംഭിച്ചതായി ആരോഗ്യമന്ത്രി വീണ ജോർജ് അറിയിച്ചു. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് പോസ്റ്റ് കോവിഡ് ഒപി യുടെ പ്രവർത്തനം.

പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ ഉള്ളവർ ഈ ഒ.പി. സേവനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.പോസ്റ്റ് കോവിഡ് ആരോഗ്യ പ്രശ്നങ്ങളായ വിട്ടുമാറാത്ത ചുമ, ശ്വാസതടസം, കിതപ്പ്, നെഞ്ചുവേദന, നെഞ്ചിൽ ഭാരം കയറ്റി വച്ചത് പോലുള്ള തോന്നൽ, തലവേദന, തലകറക്കം, ഓർമ്മക്കുറവ്, ഏകാഗ്രത നഷ്ടപ്പെടൽ, ഉറക്കകുറവ്, ആശയക്കുഴപ്പം, പേശീ വേദന, സന്ധി വേദന, അകാരണമായ ക്ഷീണം, കാൽപാദങ്ങളിൽ ഉണ്ടാകുന്ന നീർവീക്കം, മാനസിക പ്രശ്നങ്ങൾ എന്നിവ ഉള്ളവർ കൃത്യമായും ഇ സഞ്ജീവനി പോസ്റ്റ് കോവിഡ് ഒ പി. സേവനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ കീഴിൽ പരിശീലനം ലഭിച്ച ഡോക്ടർമാരാണ് ഇ സഞ്ജീവനി പോസ്റ്റ് കോവിഡ് ഒ.പി. വഴിയുള്ള സേവനങ്ങൾ നൽകുന്നത്. പോസ്റ്റ് കോവിഡ് ഒപി തുടങ്ങിയപ്പോൾ തന്നെ മികച്ച പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. ആദ്യ ദിവസം തന്നെ നൂറിലധികം പേരാണ് പോസ്റ്റ് കോവിഡ് ഒ പി സേവനം പ്രയോജനപ്പെടുത്തിയത്. ഇതുകൂടാതെ കോവിഡ് ഒ പിയിൽ രോഗികൾക്ക് 24 മണിക്കൂറും സേവനം ലഭ്യമാണ്.

**എങ്ങനെ ഇ സഞ്ജീവനി വഴി ഡോക്ടറെ കാണാം?**

ആദ്യമായി https://esanjeevaniopd.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ഇ-സഞ്ജീവനി ആപ്ലിക്കേഷൻ https://play.google.com/store/apps/details... മൊബൈലിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

ആ വ്യക്തി ഉപയോഗിക്കുന്ന മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. തുടർന്ന് ലഭിക്കുന്ന ഒടിപി നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം ലഭിച്ച ടോക്കൺ നമ്പർ ചേർത്ത് പേഷ്യന്റ് ക്യൂവിൽ പ്രവേശിക്കാം.

വീഡിയോ കോൺഫറൻസ് വഴി ഡോക്ടറോട് നേരിട്ട് രോഗ വിവരത്തെപ്പറ്റി സംസാരിക്കാവുന്നതാണ്. ഓൺലൈൻ കൺസൾട്ടേഷന് ശേഷം മരുന്ന് കുറിപ്പടി ഉടൻ തന്നെ ഡൗൺലോഡ് ചെയ്യാം. ഇ സഞ്ജീവനിയിലൂടെ ലഭിക്കുന്ന കുറിപ്പടി തൊട്ടടുത്ത സർക്കാർ ആശുപത്രിയിൽ കാണിച്ചാൽ ലഭ്യമായ മരുന്നുകളും പരിശോധനകളും സൗജന്യമായി ലഭിക്കുന്നു.

സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്ബരുകളിൽ വിളിക്കാവുന്നതാണെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

# വിദേശതാരങ്ങൾ ഇല്ലെങ്കിൽ ഐ.പി.ൽ മത്സരങ്ങളുടെ നിറം മങ്ങുമോ?

2022 മാർച്ച് ഇരുപത്തിയേഴിന് ആരംഭിക്കുന്ന ഐ.പി.ൽ സീസണിന്റെ ആദ്യ ഘട്ടങ്ങളിൽ പ്രധാന വിദേശതാരങ്ങൾ ഉണ്ടാവില്ലെന്ന് സൂചന.




ദക്ഷിണാഫ്രിക്കൻ താരങ്ങളായ കഗീസോ രാബാഡ, ആൻ റിച്ച് നോർക്കിയ, മാർക്കോ ജാൻസൻ ഓസ്ട്രേലിയൻ താരങ്ങളായ ഡേവിഡ് വാർണർ, സ്റ്റീവ് സ്മിത്ത്, പാറ്റ് കമ്മിൻസ് തുടങ്ങിയവരാണ് വൈകിവരാൻ സാധ്യതയുള്ള താരങ്ങൾ.

അന്താരാഷ്ട്ര മത്സരങ്ങൾ ഉള്ളതിനാൽ പലരും ഐ. പി. ൽ തുടങ്ങി രണ്ടാഴ്ചയ്ക്ക് ശേഷമേ മത്സരത്തിന് എത്താൻ സാധ്യതയുള്ളൂ. ഏപ്രിൽ ആദ്യവാരം വരെ ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക ടീമുകൾക്ക് ഷെഡ്യൂൾ പ്രകാരം അന്താരാഷ്ട്ര മത്സരങ്ങളുണ്ട്.

ദക്ഷിണാഫ്രിക്കയ്ക്ക് നാട്ടിൽ ബംഗ്ലാദേശുമായി മത്സരങ്ങളുണ്ട്. അതിനാൽ ഇന്ത്യയിൽ ഐ. പി. ൽ മത്സരങ്ങൾക്ക് ഏതൊക്ക വിദേശ താരങ്ങൾ ഉണ്ടാകുമെന്ന് തീർത്തുപറയാൻ കഴിയില്ല.

# വെട്ടുകാട് ഈന്തിവിളാകം പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കും

വെട്ടുകാട് : മഴക്കാലത്ത് വെട്ടുകാട് ഈന്തിവിളാകം പ്രദേശത്തുണ്ടാകുന്ന വെള്ളക്കെട്ട് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം.

ചെറിയ മഴയത്ത് പോലും വെള്ളക്കെട്ടുണ്ടാകുന്നതിനെ തുടർന്ന് പ്രദേശവാസികൾ ബുദ്ധിമുട്ടുന്ന സഹചര്യത്തിലാണ് നടപടി. എയർപോർട്ട്, ശംഖുമുഖം, ഐ.എസ്.ആർ.ഒ, വെട്ടുകാട് തീർത്ഥാടന കേന്ദ്രം, വേളി ടൂറിസ്റ്റ് വില്ലേജ് എന്നിവിടങ്ങളിലേക്കുള്ള യാത്രയേയും വെള്ളക്കെട്ട് ബാധിക്കാറുണ്ട്.

ഈന്തിവിളാകം ഭാഗത്തുനിന്ന് പാർവതി പുത്തനാറിലേക്ക് അധികജലം ഒഴുക്കിവിടുന്നതിന് സംവിധാനമൊരുക്കാൻ ഒരു കോടി 34 ലക്ഷം രൂപ ചെലവിൽ തയാറാക്കിയ പദ്ധതി സംബന്ധിച്ച് യോഗം വിലയിരുത്തി.

അടുത്ത മഴക്കാലത്തിനു മുൻപ് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് മന്ത്രി നിർദേശിച്ചു.

കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ, കൗൺസിലർ ക്ലൈനസ് റൊസാരിയോ എന്നിവരും പൊതുമരാമത്ത്, നഗരസഭ, കേരള റോഡ് ഫണ്ട് ബോർഡ്, വാട്ടർ അതോറിറ്റി, സ്വീവേജ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

# നിറ്റാ ജലാറ്റിൻ ഇന്ത്യയുടെ ലാഭത്തിൽ 39% വർധന

കൊച്ചി: നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് 2021 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ നികുതി അടക്കമുള്ള ലാഭത്തിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ നേടിയതിനേക്കാൾ 39% വളർച്ച നേടി. 2020-2021 വർഷം ഇതേ കാലയളവിൽ നേടിയ 15.6 കോടി രൂപയെ അപേക്ഷിച്ച് ഈ കാലയളവിലെ മൊത്ത ലാഭം 21.7 കോടി രൂപയാണ്. ഒസാക്ക ആസ്ഥാനമായ നിറ്റാ ജലാറ്റിൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) എന്നിവയുടെ സംയുക്ത സംരംഭമാണ് നിറ്റാ ജലാറ്റിൻ ഇന്ത്യ.

കഴിഞ്ഞ കുറെ വർഷങ്ങളിലായി പ്രവർത്തനച്ചെലവ് കുറച്ചുകൊണ്ടും അതേസമയം ബിസിനസ് മികവ് വർധിപ്പിച്ചു കൊണ്ടും കമ്പനി നടപ്പാക്കിയ സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെയാണ് കമ്പനി ഈ നേട്ടം കൈവരിച്ചതെന്ന് മാനേജിംഗ് ഡയറക്ടർ സജീവ് കെ മേനോൻ പറഞ്ഞു. ഇതോടൊപ്പം മൂല്യവർധിത ഉത്പന്നങ്ങളുടെ വിൽപന വർധിപ്പിച്ചുകൊണ്ട് നേടിയ അധിക ലാഭവും ഇതിന് കാരണമായിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇതുവരെയുള്ള കമ്പനിയുടെ മികവുറ്റ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം പ്രവർത്തന വരുമാനത്തിന്റെയും ലാഭത്തിന്റെയും കാര്യത്തിൽ മുൻ വർഷങ്ങളിലെ റെക്കോർഡുകൾ എല്ലാം ഭേദിച്ചുകൊണ്ട് ബംബർ വർഷമാകുമെന്ന് പ്രതീക്ഷിക്കുന്നതായും സജീവ് മേനോൻ പറഞ്ഞു.

രണ്ട് വർഷം മുമ്പ് മുഖ്യമന്ത്രി പിണറായി വിജയന്റെ ജപ്പാൻ സന്ദർശന വേളയിൽ കേരളത്തിൽ 200 കോടി രൂപയുടെ നിക്ഷേപ സാധ്യതകൾ പരിശോധിക്കുമെന്ന് കമ്പനി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അന്തിമ അനുമതിക്കായി കാത്തിരിക്കുകയാണെന്നും സജീവ് മേനോൻ പറഞ്ഞു. പദ്ധതി കമ്മീഷൻ ചെയ്താൽ, കമ്പനിയുടെ പ്രവർത്തന മികവും ലാഭവും ഗണ്യമായി വർദ്ധിക്കുമെന്നും വരും വർഷങ്ങളിൽ ലാഭകരമായ വളർച്ചയ്ക്കായി നിരവധി പദ്ധതികൾ തയാറാക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ 8 വർഷമായി മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ച സജീവ് കെ മോനോൻ കമ്പനിയുടെ പ്രവർത്തനങ്ങളിൽ സ്ഥിരത കൈവരിക്കുന്നതിനും ലാഭത്തിൽ വളർച്ച നേടുന്നതിനും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം ആരോപിച്ച് ആരംഭിച്ച പ്രക്ഷോഭത്തെ തുടർന്ന് മുൻ വർഷങ്ങളിൽ നിരവധി തടസ്സങ്ങൾ നേരിട്ട കമ്പനിയുടെ തൃശൂർ കൊരട്ടിയിലുള്ള ഫാക്ടറിയുടെ തടസ്സരഹിതമായ പ്രവർത്തനം ഉറപ്പാക്കാനും അദ്ദേഹത്തിന് സാധിച്ചു. നിരവധി പ്രതിസന്ധികൾ നേരിട്ട നിറ്റാ ജലാറ്റിൻ ഇന്ത്യ ഇപ്പോൾ പ്രവർത്തന മികവിനാൽ സംസ്ഥാനത്തെ ഏറ്റവും മികച്ച പ്രകൃതി സൗഹൃദ ഫാക്ടറിയായി മാറി. ജാപ്പനീസ് പ്രൊമോട്ടറുടെ സഹായത്തോടെ നിരവധി സാങ്കേതിക നവീകരണ നടപടികൾ സ്വീകരിക്കുകയും ഇതിനോടകം പൂന്തോട്ടങ്ങൾ, ചിത്രശലഭ പാർക്ക്, മുളങ്കാടുകൾ, കുളം എന്നിവ ഉൾപ്പെടുത്തി ഒരു 'ഗാർഡൻ ഫാക്ടറി' ആയി മാറ്റാനുള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

# കുംഭമാസപൂജയ്ക്കായി ശബരിമല നട ഫെബ്രുവരി 12 ന് തുറക്കും

## ഭക്തർക്ക് പ്രവേശനം വെർച്ച്വൽ ക്യൂബുക്കിംഗ് സംവിധാനത്തിലൂടെ

ശബരിമല : കുംഭമാസപൂജകൾക്കായി ശബരിമല ശ്രീ ധർമ്മശാസ്താക്ഷേത്ര നട ഫെബ്രുവരി 12 ന് വൈകുന്നേരം 5 മണിക്ക് തുറക്കും.ക്ഷേത്ര തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ മുഖ്യകാർമ്മികത്വത്തിൽ ക്ഷേത്ര മേൽശാന്തി എം.എൻ.പരമേശ്വരൻ നമ്പൂതിരി ക്ഷേത്ര ശ്രീ കോവിൽ നടതുറന്ന് ദീപങ്ങൾ തെളിക്കും.തുടർന്ന് മേൽശാന്തി ഉപദേവതാക്ഷേത്ര നടകളും തുറന്ന് വിളക്കുകൾ തെളിയിച്ചശേഷം പതിനെട്ടാം പടിക്ക് മുൻവശത്തായുള്ള ആഴിയിൽ അഗ്നി പകരും.നട തുറക്കുന്ന 12 ന് പൂജകൾ ഒന്നും തന്നെ ഉണ്ടാവില്ല.അന്ന് രാത്രി 7.30 ന് തിരുനട അടയ്ക്കും.കുംഭം ഒന്നായ 13 ന് പുലർച്ചെ 5 മണിക്ക് ക്ഷേത്ര നടതുറക്കും.ശേഷം നിർമ്മാല്യ ദർശനവും പതിവ് അഭിഷേകവും നടക്കും.5.30 ന് മഹാഗണപതിഹോമം.തുടർന്ന് നെയ്യഭിഷേകം.7.30 ന് ഉഷപൂജ.13 ന് പുലർച്ചെ മുതൽ ഭക്തരെ സന്നിധാനത്തേക്ക് പ്രവേശിപ്പിക്കും.

13 മുതൽ 17 വരെയുള്ള 5 ദിവസങ്ങളിൽ ഉദയാസ്തമയ പൂജ,കലശാഭിഷേകം,കളഭാഭിഷേകം,പടിപൂജ,പുഷ്പാഭിഷേകം എന്നിവ ഉണ്ടാകും.ഇത്തവണയും വെർചൽ ക്യൂവിലൂടെ ബുക്ക് ചെയ്ത് ഭക്തർക്ക് ദർശനത്തിനായി എത്തിച്ചേരാവുന്നതാണ്. പ്രതിദിനം 15000 ഭക്തർക്കാണ് ദർശനത്തിനായി അനുമതി നൽകുന്നത്.ദർശനത്തിനായുള്ള പാസ്സ് ലഭിച്ചവർ കൊവിഡ് 19 ന്റെ രണ്ട് ഡോസ് വാക്സിനേഷൻ സർട്ടിഫിക്കറ്റോ അല്ലെങ്കിൽ ആർടിപിസിആർ നെഗറ്റീവ് സർട്ടിഫിക്കറ്റോ ദർശനത്തിനായി എത്തിച്ചേരുമ്പോൾ കൈയ്യിൽ കരുതേണ്ടതാണ്.

5 ദിവസത്തെ പൂജകൾ പൂർത്തിയാക്കി ക്ഷേത്രതിരുനട 17 ന് രാത്രി 9 മണിക്ക് ഹരിവരാസനം പാടി അടയ്ക്കും.മീനമാസപൂജകൾക്കും ഉത്രം തിരുൽസവത്തിനുമായി ശബരിമല ക്ഷേത്ര നട മാർച്ച് 8ന് തുറന്ന് മാർച്ച് 19 ന് അടയ്ക്കും.മാർച്ച് 9 നാണ് കൊടിയേറ്റ്.മാർച്ച് 18 ന് പൈങ്കുനി ഉത്രം ആറാട്ട് നടക്കും.19 ന് രാത്രി തിരുനട അടയ്ക്കും.

# വേനൽക്കാല രോഗങ്ങളും ആരോഗ്യപരിപാലനവും

വളരെയധികം മുൻകരുതലുകൾ എടുക്കേണ്ട സമയമാണ് വേനൽക്കാലം. വേനൽക്കാലത്ത് കണ്ടുവരുന്ന ചില രോഗങ്ങളും അവയുടെ ലക്ഷണങ്ങളും പ്രതിരോധ മാർഗങ്ങളും നോക്കാം.

കൊവിഡ് (Covid) കാലത്തെ മറ്റൊരു വേനൽക്കാലം (Summer season) കൂടി വരവായി. വേനൽക്കാലം പൊതുവെ പല തരത്തലുള്ള രോഗങ്ങൾ ( Diseases) വരുന്ന സമയമാണ്.



ഇപ്പോൾ പകൽസമയങ്ങളിലെ കനത്തചൂടും പുലർച്ചേ തണുപ്പുമുള്ള കാലാവസ്ഥയും രോഗങ്ങൾക്ക് വഴിയൊരുക്കുന്ന സാഹചര്യമാണ് സൃഷ്ടിക്കുന്നത്.

വളരെയധികം മുൻകരുതലുകൾ എടുക്കേണ്ട സമയമാണ് വേനൽക്കാലം. വേനൽക്കാലത്ത് കണ്ടുവരുന്ന ചില രോഗങ്ങളും അവയുടെ ലക്ഷണങ്ങളും പ്രതിരോധ മാർഗങ്ങളും എന്തൊക്കെയാണെന്ന് നോക്കാം.

വൈറൽപ്പനിയും ചർമ്മരോഗങ്ങളുമാണ് വേനൽക്കാലത്ത് കൂടുതലായി കണ്ടുവരുന്നത്. അമിതമായി സൂര്യപ്രകാശം നേരിടുമ്പോൾ പല തരത്തിലുള്ള രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. നിർജ്ജലീകരണം, സൂര്യാഘാതം, ഉഷ്ണാഘാതം തുടങ്ങി വിവിധ തരത്തിലുള്ള രോഗാവസ്ഥകളാണ് ഇതിൽ പ്രധാനം.

ശരീര തളർച്ച, ക്ഷീണം, തലവേദന, മയക്കം തുടങ്ങിയ ലക്ഷണങ്ങളും തൊലിപ്പുറമേ പൊളലേറ്റ തരത്തിലുള്ള പാടുകളും ഉണ്ടായേക്കാം.

വെയിലിൽ നിന്ന് മാറി നടക്കുക, ധാരാളം വെള്ളം കുടിക്കുക, പുറത്ത് പോകുമ്പോൾ കുട, തൊപ്പി, കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കുക, രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞു മൂന്നുവരെ വെയിലത്തുള്ള ജോലി ഒഴിവാക്കുക തുടങ്ങിയ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതുപോലെ തന്നെ, വെയിലത്തു നിർത്തിയിടുന്ന വാഹനങ്ങളിൽ കുട്ടികളെ ഇരുത്തരുത്.

പുറത്തുനിന്നുള്ള ശീതള പാനീയങ്ങൾ പരമാവധി ഒഴിവാക്കി കരിക്കിൻവെള്ളം, ഉപ്പിട്ട കഞ്ഞിവെള്ളം, സംഭാരം തുടങ്ങിയവ കുടിക്കാം. ചർമ്മ രോഗങ്ങൾ തടയാൻ സൺസ്ക്രീൻ, ശരീരം മറയ്ക്കുന്ന രീതിയിലുള്ള വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കുക.


സിവിൽ സ്റ്റേഷനിലെ മെഡിക്കൽ സർവീസ് യൂണിറ്റ് ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്യുന്നു









ലത്തീൻ അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ് മോൺ. ഡോ : തോമസ് ജെ നെറ്റോയെ കോൺഗ്രസ് – എസ് – സംസ്ഥാന പ്രസിഡന്റും MLAയുമായ രാമചന്ദ്രൻ കടന്നപ്പള്ളി സന്ദർശിച്ചു. ഷാൾ അണിയിച്ച് അനുമോദിച്ചപ്പോൾ

## നിയുക്ത ആർച്ച് ബിഷപിനെ രാമചന്ദ്രൻ കടന്നപ്പള്ളി സന്ദർശിച്ചു

തിരുവനന്തപുരം : ലത്തീൻ അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ് മോൺ. ഡോ : തോമസ് ജെ നെറ്റോയെ കോൺഗ്രസ് – എസ് – സംസ്ഥാന പ്രസിഡന്റും MLAയുമായ രാമചന്ദ്രൻ കടന്നപ്പള്ളി സന്ദർശിച്ചു. ഷാൾ അണിയിച്ച് അദ്ദേഹത്തെ അനുമോദിച്ചു.

തിരുവനന്തപുരം ജില്ല കോൺഗ്രസ് – എസ് – പ്രസിഡന്റ് – പാളയം രാജൻ, കോൺഗ്രസ് – എസ് – സംസ്ഥാന ജനറൽ സെക്രട്ടറി ഉഴമനയ്ക്കൽ വേണുഗോപാൽ . KS അനിൽ, AI C C S മെമ്പർ V V സന്തോഷ് ലാൽ എന്നിവരും രാമചന്ദ്രൻ കടന്നപ്പള്ളിയോടൊപ്പം ഉണ്ടായിരുന്നു.

### ഒരു ജനതയുടെ സ്വപ്നസാക്ഷാത്ക്കാരം

## കിഴപറയാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനു തുടക്കമായി



മീനച്ചിൽ പഞ്ചായത്തിലെ കിഴപറയാറിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 95 ലക്ഷം രൂപ ഉപയോഗിച്ചു നിർമ്മിക്കുന്ന പുതിയ ഒ പി ബ്ലോക്കിന്റെ നിർമ്മാണോൽഘാടനം മാണി സി കാപ്പൻ എം എൽ എ നിർവ്വഹിക്കുന്നു.

കിഴപറയാർ: വർഷങ്ങളായി അവഗണിക്കപ്പെട്ടുകിടന്ന മീനച്ചിൽ കിഴപറയാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കു തുടക്കമായി. മാണി സി കാപ്പൻ എം എൽ എ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 95 ലക്ഷം രൂപ മുതൽ മുടക്കിയാണ് പുതിയ ഒ പി ബ്ലോക്ക് നിർമ്മിക്കുന്നത്. ഇതോടെ ഈ മേഖലയിലെ നാട്ടുകാരുടെ ദീർഘകാലത്തെ ആവശ്യത്തിന് പരിഹാരമാകുകയാണ്.

കിഴപറയാർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ വർഷങ്ങൾക്കു മുമ്പ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയെങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഏറെക്കാലമായി ദുരിത സാഹചര്യത്തിലാണ് പ്രവർത്തിച്ചു വരുന്നത്. നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നിരവധി നിവേദനങ്ങൾ നൽകിയെങ്കിലും നടപടിയുണ്ടായില്ല.

പിന്നീട് ജനപ്രതിനിധികളും നാട്ടുകാരും കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ദുരവസ്ഥ മാണി സി കാപ്പൻ എം എൽ എ യുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതോടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുതിയ ഒ പി ബ്ലോക്ക് 95 ലക്ഷം രൂപ അനുവദിക്കുകയായിരുന്നു.

പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ ലഭ്യമാകും. പാലാ മുനിസിപ്പാലിറ്റി, ഭരണങ്ങാനം, പൂവത്തോട്, അമ്പാറനിരപ്പേൽ, പൈക, ഇടമറ്റം തുടങ്ങിയ നിരവധി മേഖലകളിൽ നിന്നും ഈ ആശുപത്രിയെ ആശ്രയിക്കുന്ന ഒട്ടേറെ ആളുകൾക്കു പ്രയോജനം ലഭിക്കും.

നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മാണി സി കാപ്പൻ എം എൽ എ നിർവ്വഹിച്ചു. വികസന പ്രവർത്തനങ്ങൾ നഗര കേന്ദ്രീകൃതമാകാതെ ഗ്രാമങ്ങളിൽ എത്തിക്കുവാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് അദ്ദേഹം പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് ജോയി കുഴിപ്പാല അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ രാജേഷ് വാളിപ്ലാക്കൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷിബു പൂവേലി, പഞ്ചായത്ത് മെമ്പർമാരായ ഇന്ദു പ്രകാശ്, നളിനി ശ്രീധരൻ, ബിജു ടി ബി, ലിസമ്മ ഷാജൻ, വിഷ്ണു പി വി, സോജൻ തൊടുകയിൽ, ജയശ്രീ സന്തോഷ്, ബിജു കുമ്പളന്താനം, ഷേർളി ബേബി, സാജോ പൂവത്താനി, ലിൻസി മാർട്ടിൻ, സെക്രട്ടറി എം സുശീൽ, മാത്യു വെള്ളാപ്പാട്ട്, സണ്ണി വെട്ടം, വിൻസെന്റ് കണ്ടത്തിൽ, ജിനു വാട്ടപ്പള്ളിൽ, ബിജു താഴത്തുകുന്നേൽ, ഡയസ് കെ സെബാസ്റ്റ്യൻ, ഡോ നിർമ്മൽ മാത്യു, സ്റ്റെമേഴ്സൺ തോമസ്, നിഷാന്ത് ടി എൻ തുടങ്ങിയവർ പങ്കെടുത്തു.

## സമ്പൂർണ മാലിന്യമുക്തമാകാനൊരുങ്ങി അഴൂർ ഗ്രാമപഞ്ചായത്ത്

ചിറയിൻകീഴ് : സമ്പൂർണ മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കുള്ള സമഗ്ര പദ്ധതികൾക്ക് അഴൂർ ഗ്രാമപഞ്ചായത്തിൽ തുടക്കമായി. ഇതിനായി ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയതായി പഞ്ചായത്ത് പ്രസിഡന്റ് ആർ.അനിൽ പറഞ്ഞു. ലക്ഷ്യസാക്ഷാത്കാരത്തിനായുള്ള പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പഞ്ചായത്തിൽ ആരംഭിച്ചതായും വാതിൽപ്പടി സേവനത്തിലൂടെ ഹരിതകർമസേന ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്ന് പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ തരംതിരിച്ച് റീസൈക്കിൾ ചെയ്തുവരുന്നതായും പ്രസിഡന്റ് പറഞ്ഞു.

ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അടുത്ത ഘട്ടമായി മാലിന്യങ്ങളിൽ നിന്ന് ജൈവവളം നിർമിച്ച് കാർഷിക ഉത്പാദനമേഖലയ്ക്ക് കരുത്ത് പകരാനൊരുങ്ങുകയാണ് പഞ്ചായത്ത് അധികൃതർ.

കൂടാതെ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിലും മാർക്കറ്റുകളിലും വഴിയോര വിശ്രമ കേന്ദ്രവും പൊതു ശൗചാലയങ്ങളും പണിയും.

കായലുകളും തോടുകളും അടക്കമുള്ള കുടിവെള്ള സ്രോതസുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിക്കുന്ന പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി അഴൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കും.

## കുതിച്ചുയർന്ന് സ്വർണ്ണവില

സംസ്ഥാനത്ത് സ്വർണ്ണവില ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കിലേക്ക്. തുടർച്ചയായ മൂന്നാം ദിവസമാണ് സ്വർണവില ഉയരുന്നത്. ഇന്ന് 120 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിന് 36,440 രൂപയും ഒരു ഗ്രാമിന് 4,555 രൂപയുമാണ് വില. രാജ്യാന്തര വിപണിയിലും സ്വർണവില ഉയർന്നിട്ടുണ്ട്. ജനുവരി പത്തിനാണ് ഈ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കിൽ സ്വർണ്ണവില എത്തിയത്. ഒരു പവൻ സ്വർണത്തിന് 35,600 രൂപയായിരുന്നു വില. ജനുവരി തുടക്കം മുതൽ തന്നെ കൂടിയും കുറഞ്ഞും അസ്ഥിരമായിരുന്നു സ്വർണ്ണവില.

## പാലായിൽ റോഡ് പുനരുദ്ധാരണത്തിന് ഒരു കോടി

പാലാ: പാലാ നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 11 റോഡുകൾ പുനരുദ്ധരിക്കുന്നതിനായി സർക്കാർ ഒരു കോടി രൂപ അനുവദിച്ചതായി മാണി സി കാപ്പൻ എം എൽ എ അറിയിച്ചു.

പാലാ മുനിസിപ്പാലിറ്റിയിലെ കണ്ണമറ്റം – ഊരാശാല റോഡ് (10 ലക്ഷം), കൊച്ചിടപ്പാടി – കവീക്കുന്ന് റോഡ് (9 ലക്ഷം), മീനച്ചിൽ പഞ്ചായത്തിലെ ഇടമറ്റം – കൂറ്റനാൽ കടവ് റോഡ് (9 ലക്ഷം), കിഴപറയാർ ആശുപത്രി – തറപ്പേൽക്കടവ് പാലം റോഡ് (9 ലക്ഷം), കരൂർ പഞ്ചായത്തിലെ ഇടനാട് അമ്പലം – മങ്കൊമ്പ് റോഡ് (6ലക്ഷം), ഭരണങ്ങാനം പഞ്ചായത്തിലെ ഭരണങ്ങാനം ചൂണ്ടച്ചേരി വേഴാങ്ങാനം റോഡ് (9 ലക്ഷം), മൂന്നിലവ് പഞ്ചായത്തിലെ നരിമറ്റം അഞ്ചുകുടിയാർ റോഡ് (9 ലക്ഷം), അമ്പലം – മങ്കൊമ്പ് – തോട്ടകര റോഡ് (9 ലക്ഷം), എലിക്കുളം പഞ്ചായത്തിലെ ഏഴാംമൈൽ – പാമ്പോലി റോഡ് (10 ലക്ഷം), രാമപുരം പഞ്ചായത്തിലെ മുല്ലമറ്റം – ചെറുകുറിഞ്ഞി റോഡ് (10 ലക്ഷം), മരങ്ങാട്ടുകുളം – പൊതിയുരുട്ടിപ്പാറ റോഡ് (10 ലക്ഷം) എന്നിങ്ങനെയാണ് തുക അനുവദിച്ചിരിക്കുന്നത്.

## തിരുവനന്തപുരത്ത് 2673 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം ജില്ലയിൽ ഇന്നലെ 2673 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചു. 5437 പേർ രോഗമുക്തരായി. രോഗം സ്ഥിരീകരിച്ച് 36,874 പേർ ചികിത്സയിലുണ്ട്.

# സൗന്ദര്യത്തിന്റെ കാവലായി Glam Up



സൗന്ദര്യമെന്നത് കാണുന്നവന്റെ കണ്ണുകളിലാണെന്ന് പറയുമ്പോഴും ഭംഗിയായി അണിഞ്ഞൊരുങ്ങാനും സുന്ദരിയാണെന്നും സുന്ദരനാണെന്നും പറഞ്ഞു കേൾക്കാനും ആഗ്രഹമില്ലാത്തവരായി ആരും തന്നെയുണ്ടാകില്ല. എന്നാൽ തിരക്കേറിയ ജീവിത സാഹചര്യത്തിൽ പലപ്പോഴും കൈമുതലായുള്ള സൗന്ദര്യത്തെ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിഞ്ഞെന്നുവരില്ല. അതിന്റെ ഫലമോ പലതരം സൗന്ദര്യ പ്രശ്നങ്ങൾ നേരിടേണ്ടതായി വരുന്നു. പക്ഷേ, ഇത് അവിടെ ക്കൊണ്ടും തീരുന്നില്ല. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമമാണ് അടുത്തത്.

ചിലർ ബ്യൂട്ടി സലൂണുകളെ ആശ്രയിക്കും. മറ്റു ചിലർ പരസ്യത്തിൽ കാണുന്നതും പറഞ്ഞു കേൾക്കുന്നതുമായ ബ്യൂട്ടി പ്രോഡക്ടുകൾ സ്വന്തം ശരീരത്തിനു അനുയോജ്യമാണോ എന്നുപോലും ചിന്തിക്കാതെ ഉപയോഗിച്ച്, നിലവിലുള്ള പ്രശ്നങ്ങളെ ഇരട്ടിയാക്കി മാറ്റും. ഇത്തരം അബദ്ധങ്ങളെ അതിജീവിക്കണമെങ്കിൽ ശരിയായ രീതിയിലുള്ള സൗന്ദര്യ പരിപാലനമാണ് ആവശ്യം.

സൗന്ദര്യ സംരക്ഷണ മേഖലയിലെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവ തരണം ചെയ്യുന്നതിന് ആവശ്യമായ പരിഹാര മാർഗങ്ങൾ നിർദേശിച്ച്, നിരവധി പേർക്ക് ആശ്വാസമേകുന്ന തിരുവനന്തപുരത്തെ ഏഹമാ ഡു എന്ന ബ്യൂട്ടി സലൂണിന്റെയും 150 -ഓളം പെൺകുട്ടികളെ അണിയിച്ചൊരുക്കിയ Glam Upന്റെ സാരഥി മീനാ വസന്ത എന്ന മികച്ച മേക്കപ്പ് ആർട്ടിസ്റ്റിന്റെയും വിശേഷങ്ങളിലൂടെ....

### വിദേശ രാജ്യത്തൊരു സംരംഭം....

കുട്ടിക്കാലം മുതൽ മനസ്സിൽ നെയ്ത സ്വപ്നം എന്നാണ് സൗന്ദര്യസംരക്ഷണ മേഖലയെക്കുറിച്ച് മീന പറയുന്നത്. ബികോം ബിരുദധാരിയായ മീന പഠനത്തിനുശേഷം തന്റെ പാഷനായ ബ്യൂട്ടി കെയർ മേഖലയെ സ്വന്തം പ്രൊഫഷനാക്കാൻ തീരുമാനിച്ചു.

അതിന്റെ ആദ്യപടിയായി ഗവൺമെന്റിന്റെ സർട്ടിഫൈഡ് ബ്യൂട്ടീഷൻ കോഴ്സ് പഠിച്ചു. അതിനുശേഷം, യാദൃശ്ചികമായി ദുബായിലേക്ക് ഒരു പറിച്ചുനടൽ.

ദുബായിലെത്തിയ മീനാ വസന്ത അവിടെ നിന്നും ബ്യൂട്ടി കെയറിൽ ഡിപ്ലോമ കരസ്ഥമാക്കുകയും മേക്കപ്പ് കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു. ആ മേഖലയിൽ പൂർണമായ പഠനം നടത്തിയ ശേഷമാണ് ഗൾഫ് രാജ്യത്തെ തന്റെ പ്രഥമ സംരംഭമായ 'പ്രിറ്റി ക്വീൻ' 2004ൽ ഷാർജയിൽ തുടക്കം കുറിച്ചത്. നല്ല സ്വീകാര്യതയാണ് ഗൾഫിൽ നിന്നും ലഭിച്ചത്. അധികം താമസിയാതെ ഷാർജയിൽ 'ഇന്ത്യാന ബ്യൂട്ടി സെന്റർ' എന്ന മറ്റൊരു സലൂൺ കൂടി ആരംഭിച്ചു.

വിദേശ രാജ്യത്തു നിന്നും കിട്ടിയ പിന്തുണ സൗന്ദര്യസംരക്ഷണ മേഖലയിൽ ശക്തമായി മുന്നോട്ടുപോകുന്നതിന് മീനാ വസന്തയുടെ ആത്മവിശ്വാസം ഇരട്ടിയാക്കാൻ സഹായിച്ചു.

### നാട്ടിലെ സംരംഭം...

വിദേശത്ത് ബ്യൂട്ടി സലൂൺ നടത്തുമ്പോൾ തന്നെ 2015ൽ മീനാ വസന്ത കാസർഗോഡ് ആസ്ഥാനമാക്കി പ്രിറ്റി ക്വീനിന്റെ ശാഖ ആരംഭിക്കുകയുണ്ടായി. നീണ്ട 18 വർഷത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെ നാട്ടിലെത്തിയ മീന നാട്ടിലെ തന്റെ സംരംഭത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു.

2019ൽ തിരുവനന്തപുരത്തെ കുറവൻകോണം ആസ്ഥാനമാക്കി Glam Up എന്ന പുതിയ ബ്യൂട്ടി സലൂൺ ആരംഭിക്കുമ്പോൾ, മികച്ച ബ്യൂട്ടി കെയർ സ്വന്തം നാട്ടുകാർക്ക് ലഭ്യമാക്കുകയെന്ന ഒരു ചിന്തയെ ഉണ്ടായിരുന്നുള്ളൂ ഈ സംരംഭകയുടെ മനസ്സിൽ...

### മികച്ച ബ്യൂട്ടി കെയർ ട്രീറ്റ്മെന്റ്

Glam Up സലൂണിലൂടെ മികച്ച ബ്യൂട്ടി കെയർ ട്രീറ്റ്മെന്റാണ് കസ്റ്റമേഴ്സിന് ലഭിക്കുന്നത്. ആരോഗ്യപൂർണമായ സൗന്ദര്യം എന്ന സ്വന്തം ആശയത്തെ മുറുകെ പിടിച്ചാണ് ഓരോ ട്രീറ്റ്മെന്റും ചർമത്തിനായാലും തലമുടിയ്ക്കായാലും മീനാ വസന്ത നിർണയിക്കുന്നത്. ഓരോ വ്യക്തിക്കും അനുയോജ്യമായ പ്രോഡക്റ്റുകൾ തിരഞ്ഞെടുത്താണ് ട്രീറ്റ്മെന്റ്.

ഭംഗിയ്ക്കായി അമിതമായ കെമിക്കലുകളുടെ ഉപയോഗം പലപ്പോഴും ശരീരത്തിന്റെയും മുടിയുടെയും പൂർണമായ നാശത്തിനു കാരണമാകാറുണ്ട്. അതുകൊണ്ടുതന്നെ മികച്ച ബ്രാൻഡഡ് ഹെർബൽ ബ്യൂട്ടി കെയർ പ്രോഡക്റ്റുകളാണ് ഇവിടെ ഉപയോഗിക്കുന്നത്. എല്ലാവിധത്തിലുള്ള സ്കിൻ ആൻഡ് ഹെയർ റിപ്പർമെന്റ് സർവീസുകളും Glam Upൽ ലഭ്യമാണ്.

### സ്കിൻ കെയർ ട്രീറ്റ്മെന്റ്

ഏറ്റവും കൂടുതൽ ആളുകൾ ബുദ്ധിമുട്ടുന്ന ഒരു പ്രശ്നമാണ് മുഖക്കുരു (Acne). കൂടാതെ സൺ റ്റാൻ, ബ്ലാക്ക് ഹെഡ്സ്, വൈറ്റ് ഹെഡ്സ് തുടങ്ങി എല്ലാവിധ പ്രശ്നങ്ങൾക്കുമുള്ള ട്രീറ്റ്മെന്റ് ഇവിടെ ലഭ്യമാണ്. ആദ്യം കസ്റ്റമേഴ്സിന്റെ പ്രശ്നം മനസ്സിലാക്കും, അതിനുശേഷം ഓരോ വ്യക്തിയുടെയും ചർമത്തിന് അനുയോജ്യമായ ഹെർബൽ പ്രോഡക്റ്റുകൾ തിരഞ്ഞെടുക്കുന്നു. ഒരുപരിധി വരെ ചർമ്മവുമായി ബന്ധപ്പെട്ട എല്ലാവിധ പ്രശ്നങ്ങൾക്കും പരിഹാരം ഇവിടെ ലഭ്യമാണ്.

### ഹെയർ ട്രീറ്റ്മെന്റ്സ്

ആന്റി ഡാൻഡ്രഫ്, കെരാറ്റിൻ ട്രീറ്റ്മെന്റ്, പ്രോട്ടീൻ ട്രീറ്റ്മെന്റ് തുടങ്ങി ഹെയർ ഡാമേജ് തടയാനുള്ള ചികിത്സകളും സ്മൂത്തനിംഗ്, സ്ട്രൈറ്റ്നിംഗ് തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ഹെർബൽ പ്രോഡക്റ്റുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ട്രീറ്റ്മെന്റാണ് Botox.

വിദേശരാജ്യങ്ങളിൽ ധാരാളമായി ചെയ്തുവരുന്ന ഈ ഹെയർ ട്രീറ്റ്മെന്റ് തലയിലെ സ്കിന്നിന്റ പ്രായം നിലനിർത്തുന്നതിനൊപ്പം മുടിയുടെ ആരോഗ്യം സംരക്ഷിക്കുകയും പുതിയ മുടിയിഴകളെ പുനരുജ്ജീവിക്കുകയും ചെയ്യുന്നു.

കൂടാതെ Glam Upന്റെ മറ്റൊരു ബ്യൂട്ടി കെയർ സർവീസാണ് മൊറൊക്കാൻ ബാത്ത്. ശരീരത്തിലെ 'ഡ്രൈ സ്കിന്നി'നെ നീക്കം ചെയ്ത് ചർമ്മത്തിന് പുനരുജ്ജീവനം നൽകുന്നതിനോടൊപ്പം ചർമ്മത്തിന്റെ ആരോഗ്യം കൂടി കാത്തുസൂക്ഷിച്ചു ചർമ്മത്തിന്റെ യൗവ്വനം നിലനിർത്താൻ സഹായിക്കുന്നതാണ് ഈ ട്രീറ്റ്മെന്റ്. വിദേശത്ത് സർവ്വസാധാരണമായി ഉപയോഗിക്കുന്ന ഈ സ്കിൻ കെയർ സംവിധാനത്തിന്റെ സേവനങ്ങൾ ബഡ്ജറ്റ് ഫ്രണ്ട്ലിയായി നമ്മുടെ നാട്ടിലുള്ളവർക്കും Glam Up എത്തിച്ചു കൊടുക്കുകയാണ്.

### ബ്രൈഡൽ മേക്കപ്പ്

വിവാഹ സുദിനത്തിലും അനുബന്ധ നിമിഷങ്ങളിലും വധുവിനെ കൂടുതൽ സുന്ദരിയാക്കാൻ ഏഹമാഡുന്റെ സേവനം ലഭ്യമാണ്. പെൺകുട്ടിയുടെ ചർമത്തെ കുറിച്ച് പഠിച്ചു, അതിനു അതിനനുയോജ്യമായ രീതിയിലുള്ള 'ബ്രൈഡൽ മേക്കപ്പ് പാക്കേജാ'ണ് ഇവർക്കുള്ളത്. വിവാഹ നിമിഷങ്ങളെ കൂടൂതൽ വർണാഭമാക്കാൻ, ബ്രൈഡൽ മേക്കപ്പ് രംഗത്ത് വർഷങ്ങളുടെ പരിചയ സമ്പത്തുള്ള മീനാ വസന്തയുടെ 'കരവിരുത്' അങ്ങേയറ്റം പ്രശംസനീയമാണ്.

### ഭാവി ലക്ഷ്യങ്ങൾ

2019-ൽ കോവിഡ് മഹാമാരി ബാധിച്ചതോടുകൂടി തന്റെ സ്ഥാപനങ്ങൾ അടച്ചിടേണ്ടതായി വന്നെങ്കിലും മീനാ വസന്ത തളർന്നുപോയില്ല. പ്രശ്നങ്ങൾ ഒരുവിധം നിയന്ത്രണവിധേയമായപ്പോൾ Glam Up പൂർവാധിക ശക്തിയോടെ പ്രവർത്തനം തുടങ്ങി.

അടുത്തതായി മീനാ വസന്തയുടെ ഡ്രീം പ്രോജക്ടാണ് MI Estilo എന്ന യൂണിസെക്ഷ്വൽ സലൂൺ. 2022 ഫെബ്രുവരിയോടുകൂടി തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കാൻ പോകുന്ന ഈ സംരംഭം പുരുഷന്മാരുടെയും സ്ത്രീകളുടെയും സൗന്ദര്യ സങ്കൽപത്തിന് തിളക്കമേകുമെന്നതിൽ സംശയമില്ല.

ഓരോ വ്യക്തിയ്ക്കും സൗന്ദര്യമുണ്ട്. എന്നാൽ ബാഹ്യ സൗന്ദര്യത്തെ വേണ്ടവിധം സംരക്ഷിക്കേണ്ടത് ജീവിതത്തിൽ അനിവാര്യമായ കാര്യമാണ്. അതിന് നാം സ്വീകരിക്കേണ്ട വഴികൾ എപ്പോഴും മികച്ചതായിരിക്കണം.

ആരോഗ്യമുള്ള ചർമ്മവും തലമുടിയും, അതാണ് യഥാർത്ഥ സൗന്ദര്യം എന്ന ആശയത്തെ മുറുകെപ്പിടിച്ചുകൊണ്ട് തന്റെ പുതിയ ബ്രാൻഡിന്റെ വരവേല്പിനുള്ള ഒരുക്കത്തിലാണ് ഈ വനിതാ സംരംഭക.

## ശൂലം തണ്ണീർത്തടവും പരിസരവും വൃത്തിയാക്കി ഭൂമിത്രസേന അംഗങ്ങൾ



മാറാടി ഗ്രാമ പഞ്ചായത്തിലെ ശൂലം തണ്ണീർ തടാകവും പരിസരവും വൃത്തിയാക്കുന്ന ഈസ്റ്റ് മാറാടി സർക്കാർ വി.എച്ച്.എസ് സ്കൂൾ വിദ്യാർത്ഥികൾ

കൊച്ചി: ലോക തണ്ണീർത്തട ദിനാചരണത്തിന്റെ ഭാഗമായി ഈസ്റ്റ് മാറാടി സർക്കാർ വി.എച്ച്.എസ് സ്കൂളിലെ ഭൂമിത്ര സേന ക്ലബിന്റെയും നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിന്റെയും മറ്റു ക്ലബുകളുടെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർതികളും അധ്യാപകരും മാറാടി ഗ്രാമ പഞ്ചായത്തിലെ ശൂലം തണ്ണീർ തടാകവും ചെക്ക് ഡാമും പരിസരവും വൃത്തിയാക്കി. അലക്ഷ്യമായി വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് ബോട്ടിലുകളും മറ്റ് മാലിന്യങ്ങളും വൃത്തിയാക്കി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുൻ സ്കൂൾ പ്രിൻസിപ്പാളും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സജീവ പ്രവർത്തകനുമായ കെ.കെ ഭാസ്ക്കരൻ നിർവഹിച്ചു.

എല്ലാ വർഷവും ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനമായി ആചരിക്കുന്നു ഫെബ്രുവരി 2 ന് ഇറാനിലെ കാസ്പിയൻ കടൽത്തീരത്തിലെ റാംസർ നഗരത്തിൽ വച്ച് ലോക തണ്ണീർത്തട ഉടമ്പടി ഒപ്പു വെക്കുകയുണ്ടായി. ഈ ദിവസത്തിന്റെ ഓർമ്മ നിലനിർത്താനും തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും 1997 ഫെബ്രുവരി 2 മുതലാണ് ആഗോളതലത്തിൽ തണ്ണീർത്തടദിനമായി ആചരിക്കാൻ തുടങ്ങിയത്. ഈ ദിവസം നടക്കുന്ന വിവിധ പരിപാടികളിലൂടെ സാധാരണ ജനങ്ങളുടെ ഇടയിൽ തണ്ണീർത്തടങ്ങളുടെ പ്രത്യേകതകളും പ്രാധാന്യവും ഓർമ്മപ്പെടുത്തുക കൂടിയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യമെന്ന് സമീർ സിദ്ദീഖി പറഞ്ഞു.

സ്കൂൾ പ്രിൻസിപ്പാൾ റനിത ഗോവിന്ദ് പി.റ്റി.എ പ്രസിഡന്റ് അനിൽ കുമാർ പി.റ്റി. മദർ പി.റ്റി.എ ചെയർ പേഴ്സൺ സിനിജ സനിൽ സ്കൂൾ വികസന സമിതി ചെയർമാൻ റ്റി.വി അവിരാച്ചൻ സ്കൂൾ കൗൺസലർ ഹണി വർഗീസ് , സുധിമോൻ എ.കെ, രതീഷ് വിജയൻ, അനൂപ് തങ്കപ്പൻ, ഭൂമിത്ര സേന ക്ലബ് കോർഡിനേറ്റർ സമീർ സിദ്ദീഖി വിദ്യാർത്ഥികളായ അഭിജിത്ത് ബിജു, എൽദോസ് ഇ കെ, അതുൽ മനോജ് , ആകാശ് കെ.ആർ തുടങ്ങിയവർ നേതൃത്വം നൽകി.

# 'ലോമ ഫോർ ഹെൽത്തി ഹെയർ';
## മുടിയഴകിനെ കാത്തുസൂക്ഷിക്കാൻ ഒരു വിശ്വസ്ത നാമം

LOMA FOR HEALTHY HAIR
HAIR OIL




ഹരിത ഷാജി

അഴകും ആരോഗ്യവുമുള്ള മുടി ആരുടെയും സ്വപ്നമാണ്. പെൺകുട്ടികളും ആൺകുട്ടികളും ഇന്ന് ഒരുപോലെ മുടിയഴകിനെ സ്നേഹിക്കുന്നു. മുടി ഒരു ഫാഷനാവുന്ന കാലഘട്ടമാണിത്.

എന്നാൽ ഏകദേശം 85 ശതമാനം ആളുകളിലും ഇന്ന് മുടി കൊഴിച്ചിൽ, താരൻ തുടങ്ങിയ പ്രശ്നങ്ങൾ ഒരു വെല്ലുവിളിയാവുകയാണ്.

മുടികൊഴിച്ചിലിനൊപ്പം ആത്മവിശ്വാസവും കുറയുന്നുണ്ടോ..? പരിഹാരം തേടി പല വിദ്യകളും പരീക്ഷിച്ചിട്ടും മികച്ച ഫലം ലഭിക്കുന്നില്ല എന്നാണോ ? നല്ല രീതിയിൽ മാറ്റം ഉണ്ടാകണമെങ്കിൽ നല്ലതു മാത്രം തിരഞ്ഞെടുക്കാനും സാധിക്കണം.

അങ്ങനെ മികച്ചതു മാത്രം നൽകുന്നതാണ് സൗപർണിക ആയുർവേദയുടെ പ്രത്യേകതയും.

മലപ്പുറം മഞ്ചേരിയിൽ ആയുർവേദ ആരോഗ്യ പരിപാലന രംഗത്ത് കഴിഞ്ഞ ആറു വർഷത്തോളമായി പ്രവർത്തിക്കുന്ന സൗപർണിക ആയുർവേദയുടെ ഏറ്റവും മികച്ച ഉൽപന്നമാണ് "ലോമ ഫോർ ഹെൽത്തി ഹെയർ" എന്ന ഹെയർ ഓയിൽ.

### 'ലോമ'യുടെ സവിശേഷതകൾ

മുടികൊഴിച്ചിലിനു കാരണങ്ങൾ പലതായിരിക്കാം. സാധാരണയായി പെട്ടെന്നുള്ള ശരീരഭാരം കുറയ്ക്കൽ, പ്രസവ ശേഷമുള്ള ശാരീരിക മാറ്റങ്ങൾ, മാനസിക സംഘർഷം, വിഷാദ രോഗം, സർജറികൾ, പനി തുടങ്ങിയവയാണ് മുടി കൊഴിച്ചിലിനു കാരണമാകാറുള്ളത്.

കോവിഡ് ബാധിതരിലും മുടികൊഴിച്ചിൽ കണ്ടു വരുന്നുണ്ട്. സാധാരണയായി, ഒരു ദിവസം 50–100 മുടി വരെ കൊഴിയാം.

മുടി കൊഴിച്ചിൽ പൂർണമായും ഒഴിവാക്കാൻ സാധ്യമല്ല, എന്നാൽ വേണ്ട രീതിയിൽ പരിചരണം നൽകുകയാണെങ്കിൽ ഒരു പരിധിവരെ അതു കുറയ്ക്കാനും നമുക്കു സാധിക്കും.

മുടിയുടെ അഴകും ആരോഗ്യവും കാത്തുസൂക്ഷിക്കുന്നതിൽ, ലോമ പൂർണ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നു.

പലതരം ഹെയർ ഓയിലുകൾ ഇന്ന് മാർക്കറ്റിൽ സുലഭമാണ്. എന്നാൽ, അതിൽ നിന്നെല്ലാം ലോമയെ വ്യത്യസ്തമാക്കുന്ന കാരണങ്ങൾ ഏറെയാണ്.

മുടിയുടെ ആരോഗ്യവും ഭംഗിയുമാണ് ലോമ ഹെയർ ഓയിൽ ഉറപ്പു വരുത്തുന്നത്. ഉപഭോക്താക്കളിൽ മറ്റ് അലർജി പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതു കൊണ്ടു തന്നെ കൊച്ചു കുട്ടികൾ മുതൽ പ്രായമായവർക്കു വരെ ഈ ഹെയർ ഓയിൽ ധൈര്യമായി ഉപയോഗിക്കാവുന്നതാണ്.



മുടി കൊഴിച്ചിൽ സ്വാഭാവികമായും എല്ലാവർക്കും തന്നെ സംഭവിക്കാം. എന്നാൽ കൊഴിയുന്ന മുടിയുടെ സ്ഥാനത്ത് പുതിയ ആരോഗ്യമുള്ള മുടി വളർത്തിയെടുക്കേണ്ടതാണ് ആവശ്യം.

ഇവിടെ ഔഷധ സസ്യങ്ങളുടേയും ആയുർവേദത്തിലെ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ സൗപർണിക ആയുർവേദയിൽ ഡോക്ടർ അപർണ വികസിപ്പിച്ചെടുത്തതാണ് "ലോമ ഫോർ ഹെൽത്തി ഹെയർ" എന്ന ഹെയർ ഓയിൽ.

ലോമ എന്ന ബ്രാൻഡ് നെയിമിൽ ഈ ഹെയർ ഓയിൽ വിപണിയിൽ സുലഭമായിട്ട് ഒരു വർഷത്തിൽ അധികമായെങ്കിലും ലോമയുടെ ഉത്ഭവത്തിന് വർഷങ്ങൾ പഴക്കമുണ്ട്.

ലോമയുടെ അമൂല്യമായ ഔഷധക്കൂട്ടിൽ ഹെയർ ഓയിൽ നിർമാണം ആരംഭിച്ചിട്ട് കാലമേറെയായി.

തന്റെ ആയുർവേദ ആശുപത്രിയിലെ ആവശ്യക്കാർക്കു മാത്രം നൽകിയാണ് അപർണ 'ലോമ'യ്ക്ക് തുടക്കം കുറിച്ചത്. എന്നാൽ ഉപഭോക്തരിലെ സംതൃപ്തി ഹെയർ ഓയിലിനെ കൂടുതൽ വളർത്തി.

ഇന്ന് ഈ ഹെയർ ഓയിലിന് ആവശ്യക്കാർ ഏറെയാണ്. കേട്ടറിഞ്ഞും, ഉപയോഗിച്ച് ശീലിച്ചവരുമാണ് ലോമയുടെ കേരളം മുഴുവനായുള്ള വളർച്ചയുടെ കാരണവും.

ലോമ എന്നത് ഒരു സംസ്കൃത പദമാണ്. അതിനർത്ഥം മുടിയെന്നാണ്. സൗപർണിക ആയുർവേദ ഇന്ന് അറിയപ്പെടുന്നതു തന്നെ ലോമ ഹെയർ ഓയിലിന്റെ പേരിലാണ്.

അമൂല്യമായ ഔഷധക്കൂട്ടുകളും ആയുർവേദ പഠനങ്ങളെ ആധാരമാക്കിയുമാണ് ലോമയുടെ നിർമാണം. തികച്ചും പ്രകൃതി ദത്തമായ വസ്തുക്കളിൽ നിന്നുമാണ് ഇതിന്റെ നിർമാണം.

ചെമ്പരത്തി പൂവും അതിന്റെ ഇലയുമാണ് മുഖ്യഘടകം. കൂടാതെ നാട്ടിൻപുറത്തെ പാടശേഖരങ്ങളിലെ മുക്കുറ്റി, തുളസി തുടങ്ങിയ സസ്യങ്ങളും. ആവശ്യാനുസൃതം ഉപയോഗിക്കാനായി ഇവയെ പരിപാലിക്കുന്ന രീതിയും സൗപർണിക ആയുർവേദയിലുണ്ട്.

ആയുർവേദ ആശുപത്രിയുടെ ഉപയോഗത്തിനും ഹെയർ ഓയിൽ തുടങ്ങി മറ്റു മരുന്നുകളുടെ നിർമാണത്തിനുമായി ഒരു പ്രൊഡക്ഷൻ യൂണീറ്റും സൗപർണികയിൽ പ്രവർത്തിക്കുന്നുണ്ട്.

ഡോക്ടർ അപർണ സൗപർണികയുടെ വർഷങ്ങളുടെ പ്രയത്നമാണ് "സൗപർണിക ആയുർവേദ". ഹെയർ കെയർ ട്രീറ്റ്മെന്റുകൾക്കു പുറമെ, ചർമ്മ സംരക്ഷണവും മറ്റു പരമ്പരാഗത ആയുർവേദ ചികിത്സാ രീതികളും സൗപർണികയിൽ ലഭ്യമാണ്.

SOUPARNIKA AYURVEDA

ഒരു ആയുർവേദ ആശുപത്രി എന്നതിനുപരിയായി ഡോക്ടർ അപർണയ്ക്ക് ഇത് വ്യക്തിപരമായി ആത്മബന്ധം കൂടിയുള്ള ഇടമാണ്.

സ്ത്രീ സ്വാതന്ത്ര്യത്തിനും, സ്ത്രീ ശാക്തീകരണത്തിനും മുൻഗണന നൽകുന്ന അപർണ തന്റെ സംരംഭത്തെ സ്ത്രീകൾക്കു മാത്രമായി അവതരിപ്പിക്കുന്നു.

സൗപർണിക ആയുർവേദയുടെ വിജയം തന്നെ ഡോക്ടർ അപർണയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയാണ്.

ഫെയ്സ് പാക്കുകളും, ചർമ്മ സംരംക്ഷണ എണ്ണകളും, വെർജിൻ കോക്കനട്ട് ഓയിൽ തുടങ്ങി ആവശ്യമായ ഉത്പന്നങ്ങളെല്ലാം സൗപർണികയിൽ തന്നെ നിർമിക്കുന്നു.

നേരിട്ടുള്ള കൊറിയർ സർവ്വീസ് സംവിധാനവും ഇവിടെയുണ്ട്. വിദേശത്തു നിന്നും പരമ്പരാഗത ചികിത്സാ രീതികൾ തേടിയെത്തുന്നവരാണ് ഇവിടെ അധികവും. ആശങ്കകൾ പങ്കുവയ്ക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി മുഴുവൻ സമയവും സന്നദ്ധരായ ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യക്കാർക്കു മൊബൈൽ കൺസൾട്ടൻസി സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കാലം മാറുന്നതനുസരിച്ച് ആയുർവേദത്തിന്റെ ചികിത്സാ രീതിയിലും, മരുന്നുകളിലും മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കും. ഇവിടെ ആയുർവേദ മേഖലയിൽ പുതിയ കണ്ടെത്തലുകൾക്കും, അന്വേഷണങ്ങൾക്കും സാധ്യതകൾ തേടുകയാണ് ഡോക്ടർ അപർണ സൗപർണിക.

**ഫോൺ: 9746848355**

# അപൂർവ അനുഭവ കഥകളുമായി മജ്ജമാറ്റിവെച്ച കുഞ്ഞുങ്ങൾ ആസ്റ്റർ മിംസിൽ ഒത്തുചേർന്നു



കോഴിക്കോട്: ആസ്റ്റർ മിംസിൽ നിന്ന് മജ്ജമാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ച കുഞ്ഞുങ്ങളും രക്ഷിതാക്കളും ഒത്തുചേർന്ന് അനുഭവങ്ങൾ പങ്കുവെച്ചത് ഹൃദയസ്പർശിയായി മാറി. ജീവിതത്തിനും മരണത്തിനും ഇടയിൽ കുടുംബങ്ങൾ അനുഭവിച്ച വെല്ലുവിളികളും, ചികിത്സാ കാലത്തെ മാനസികാവസ്ഥയും, ആസ്റ്റർ മിംസ് പോലുള്ള സ്ഥാപനങ്ങളും വ്യക്തികളും ദൈവദൂതരായി കടന്ന് വന്ന് ആശ്വാസമേകിയതുമെല്ലാം വിവരിക്കുമ്പോൾ പലരുടെയും കണ്ണ് നിറയുകയും ശബ്ദം ഇടറുകയും ചെയ്തു.

കോഴിക്കോട് ആസ്റ്റർ മിംസിൽ വിജയകരമായി മജ്ജമാറ്റിവെക്കലിന് വിധേയരായ 30 കുഞ്ഞുങ്ങളും അവരുടെ രക്ഷിതാക്കളുമാണ് ഓൺലൈനായി സംഘടിപ്പിച്ച സംഗമത്തിൽ പങ്കെടുത്തത്. നാൽപ്പത് ലക്ഷത്തോളം ചെലവ് വരുന്ന മജ്ജാറ്റിവെക്കൽ ശസ്ത്രക്രിയ തികച്ചും സൗജന്യമായി നിർവ്വഹിച്ച് കൊടുത്ത പത്തോളം പേർ ഇതിൽ ഉണ്ടായിരുന്നു.

സൗജന്യ മജ്ജമാറ്റിവെക്കൽ ശസ്ത്രക്രിയ സൗകര്യം ഇനി ഇന്ത്യയിലെ മുഴുവൻ നിർധനരായ കുഞ്ഞുങ്ങൾക്കും ലഭ്യമാകുമെന്ന് പരിപാടിയിൽ പങ്കെടുത്ത ആസ്റ്റർ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പ്രഖ്യാപിച്ചു. സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ട് ഒരാൾക്ക് പോലും ഇത്തരം ചികിത്സ രാജ്യത്ത് നിഷേധിക്കപ്പെടരുത് എന്നും അത്തരം സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ശ്രമങ്ങൾക്ക് ആസ്റ്റർ ഹോസ്പിറ്റലുകൾ തുടക്കം കുറിച്ച് കഴിഞ്ഞിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം മുൻ ആരോഗ്യവകുപ്പ് മന്ത്രി ശൈലജ ടീച്ചർ നിർവ്വഹിച്ചു. കോവിഡിന്റെ വ്യാപനകാലത്ത് ആസ്റ്റർ മിംസ് നടത്തിയ ഇടപെടലുകളെ ടീച്ചർ സ്മരിക്കുകയും സൗജന്യ മജ്ജമാറ്റിവെക്കൽ പദ്ധതിയെ പ്രകീർത്തിക്കുകയും ചെയ്തു. ഇത്തരം ഇടപെടലുകൾ രാജ്യത്തിന് തന്നെ മാതൃകയാണെന്നും ടീച്ചർ പറഞ്ഞു.

ഡോ. അരുൺ ചന്ദ്രശേഖർ സ്വാഗതം പറഞ്ഞു. ഫർഹാൻ യാസിൻ (റീജ്യണൽ ഡയറക്ടർ ആസ്റ്റർ ഒമാൻ & കേരള), ഡോ. കെ. വി. ഗംഗാധരൻ (ഡയറക്ടർ, ആസ്റ്റർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്), ഡോ. കേശവൻ എം. ആർ (കൺസൽട്ടന്റ്, പീഡിയാട്രിക് ഹെമറ്റോളജിസ്റ്റ്), ഡോ. സുദീപ് വി (സീനിയർ സ്പെഷ്യലിസ്റ്റ്, ക്ലിനിക്കൽ ഹെമറ്റോളജി), ഡോ. ശ്രീലേഷ് കെ പി (കൺസൽട്ടന്റ്, മെഡിക്കൽ ഓങ്കോളജി), ഡോ. ശ്രീലേഷ് കെ. പി (കൺസൽട്ടന്റ്, മെഡിക്കൽ ഓങ്കോളജി), ശ്രീ. കെ. കെ. ഹാരിസ് (ചെയർമാൻ, ഹോപ് ചൈൽഡ് കെയർ ഫൗണ്ടേഷൻ), ഡോ. സൈനുൽ ആബിദിൻ (മെഡിക്കൽ ഡയറക്ടർ, ഹോപ്), മുഹമ്മദ് ഷാഫി (ചെയർമാൻ, ഓവർസീസ് ഓപ്പറേഷൻസ്-ഹോപ്), ഡോ. എബ്രഹാം മാമ്മൻ (സി എം എസ്), എന്നിവർ സംസാരിച്ചു. ലുക്മാൻ (സി ഒ ഒ, ആസ്റ്റർ മിംസ്) നന്ദി പറഞ്ഞു.

# ഈസ്റ്റ് മാറാടി സ്കൂളിൽ ജൈവ കൃഷി വിളവെടുപ്പ് നടത്തി





മൂവാറ്റുപുഴ: ഈസ്റ്റ് മാറാടി സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകരുടെയും പി.റ്റി.എ യുടെയും വിവിധ ക്ലബുകളുടെയും നേതൃത്വത്തിൽ കോവിഡ് കാലത്ത് നടത്തിയ ജൈവ കൃഷികളുടെ വിളവെടുത്തു.

കോവിഡ് മഹാമാരി മൂലം വിദ്യാലയങ്ങൾ അടഞ്ഞ് കിടന്നപ്പോഴാണ് അധ്യാപകരുടെയും പി.റ്റി.എ യുടെയും നേതൃത്വത്തിൽ സ്കൂൾ വളപ്പിൽ വർണ്ണ ഇനത്തിൽ പ്പെട്ട മഞ്ഞൾ വിത്തുകൾ നട്ട് കൃഷി ആരംഭിച്ചത്. കൂടാതെ തക്കാളി, കപ്പ, ചേമ്പ്, കൂർക്ക എന്നിവയും കൃഷി ചെയ്തിരുന്നു. സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായാണ് ഈ കൃഷികൾ നടത്തിയത്.

മാറാടി കൃഷി ഭവനിലെ കൃഷി ഓഫീസർ എൽദോസ് എബ്രഹാം ജൈവ കൃഷികളായ തക്കാളി, മഞ്ഞൾ, കപ്പ , ചേമ്പ്, കൂർക്ക എന്നിവയുടെ വിളവെടുപ്പ് നടത്തി. വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ആഘോഷത്തോടെയാണ് വിളവെടുത്തത്. വിളവെടുത്ത കപ്പയിൽ നിന്നും ആവശ്യത്തിന് എടുത്ത് വിദ്യാർത്ഥികൾ സ്കൂളിൽ തന്നെ പാകം ചെയ്തു ഒപ്പം ചിക്കൻ കറിയും തയ്യാറാക്കി കഴിച്ചു.

ഹെഡ്മാസ്റ്റർ അജയൻ എ.എ, പ്രിൻസിപ്പാൾ റനിത ഗോവന്ദ്, പി.റ്റി.എ പ്രസിഡന്റ് പി.റ്റി.അനിൽകുമാർ, മദർ പി.റ്റി.എ ചെയർ പേഴ്സൺ സിനിജ സനിൽ, സ്കൂൾ വികസന സമിതി ചെയർമാൻ റ്റി.വി.അവിരാച്ചൻ, സ്റ്റാഫ് സെക്രട്ടറി അനിൽ കുമാർ, സീനിയർ അസിസ്റ്റന്റ് ഗിരിജ എം പി, ഷീബ എം.ഐ, പ്രീന എൻ ജോസഫ്, ഗ്രേസി കുര്യൻ, സിലി ഐസക്ക്, സ്കൂൾ കൗൺസലർ ഹണി വർഗീസ്, ഭൂമിത്ര സേന ക്ലബ് കോർഡിനേറ്ററും പ്രോഗ്രാം ഓഫീസറുമായ സമീർ സിദ്ദീഖി.പി, ശ്യാം ലാൽ, രതീഷ് വിജയൻ, പൗലോസ് റ്റി, അനൂപ് തങ്കപ്പൻ, അമ്മിണി തുടങ്ങിയവർ നേതൃത്വം നൽകി.

# ഹിജാബ് വിഷയം ; പ്രതികരണവുമായി മലാല



ബാംഗ്ലൂർ: കർണാടകയിലുള്ള കോളജുകളിൽ വിദ്യാർഥിനികൾ ഹിജാബ് ധരിച്ച് എത്തുന്നതിനെ തുടർന്ന് പഠനം നിഷേധിക്കപ്പെട്ട സംഭവത്തിൽ പ്രതികരണവുമായി സമാധാന നൊബേൽ ജേതാവും ആക്ടിവിസ്റ്റുമായ യൂസുഫ് സായ്.

ഹിജാബ് ധരിച്ച് പെൺകുട്ടികളെ സ്കൂളിൽ പോകാൻ അനുവദിക്കാത്തത് ഭയാനകരമാണെന്ന് മലാല ടീറ്റ് ചെയ്തിരുന്നു. മുസ്ലിം സ്ത്രീകളെ പാർശ്വവൽക്കരിക്കുന്നത് അവസാനിപ്പിക്കണമെന്ന തരത്തിൽ ടീറ്റിലൂടെ മലാല ആവശ്യപ്പെട്ടുകയായിരുന്നു.

# കളമശ്ശേരി തീപ്പിടുത്തം ; നിലവിൽ ആരും ഗുരുതരാവസ്ഥയിലല്ലെന്ന് ആരോഗ്യമന്ത്രി

കളമശ്ശേരി എച്ച്എംടി റോഡിൽ മെഡിക്കൽ കോളേജിനടുത്ത് ഉണ്ടായ തീപിടിത്തത്തെ തുടർന്ന് 51 പേരാണ് മെഡിക്കൽ കോളേജിൽ ചികിത്സ തേടിയത്. നിലവിൽ ആരും തന്നെ ഗുരുതരാവസ്ഥയിലില്ലെന്നും മന്ത്രി പറഞ്ഞു.

പുൽതൈലം ഉണ്ടാക്കുന്ന കമ്പനിയിലാണ് തീപിടിത്തമുണ്ടായത്. തീയണയ്ക്കാനെത്തിയ ഫയർഫോഴ്സിലേയും കമ്പനിയിലേയും ആൾക്കാർ ഉൾപ്പെടെയുള്ളവർക്കാണ് കെമിക്കൽ പരിക്കുകളുണ്ടായത്. ഇവരുടെ ചികിത്സയ്ക്കായി രണ്ട് പ്രത്യേക വാർഡുകൾ അടിയന്തരമായി സജ്ജമാക്കി.






Edited, Printed, Published & Owned by Deepak.S and printed at Rainbow Printers, Kalakaumudi Gardens, Kumarapuram on behalf of Technopoint published at Puliyoorkonam P.O., Thiruvananthapuram - 695604. Editor : Deepak.S (Responsible for selection of news under the PRB Act). E-mail: karmasakthidaily@gmail.com



# ഉറപ്പോടെ ഉണർവോടെ കേരളം

സംസ്ഥാന സർക്കാർ ഒന്നാം വാർഷികം

## 100 ദിന പരിപാടി

**2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ**

- 17,183.89 കോടി രൂപ
- 1557 പദ്ധതികൾ
- 4,64,714 തൊഴിലവസരങ്ങൾ

എന്റെ കേരളം എന്റെ അഭിമാനം



### ആദ്യ പരിപാടി ഇന്ന്

# 53 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം

**2022 ഫെബ്രുവരി 10 | രാവിലെ 11.30**

പൂവച്ചൽ ഗവ.വൊക്കേഷണൽ
ഹയർ സെക്കണ്ടറി സ്കൂൾ, തിരുവനന്തപുരം

**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി

**അധ്യക്ഷൻ: ശ്രീ. വി. ശിവൻകുട്ടി**
ബഹു. പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി

മന്ത്രിമാർ, എം എൽ എ മാർ, മറ്റു ജനപ്രതിനിധികൾ പങ്കെടുക്കുന്നു

14,000 കുടുംബങ്ങൾക്ക് കെ ഫോൺ കണക്ഷൻ | ലൈഫ് മിഷനിൽ 20,000 വീടുകൾ, മൂന്ന് ഭവന സമുച്ചയങ്ങൾ | പുനർഗേഹം വഴി 532 വീടുകൾ | കേരളമാകെ വാതിൽപ്പടി സേവനം | 15,000 പട്ടയം | എല്ലാ ജില്ലയിലും സുഭിക്ഷ ഹോട്ടൽ | 150 വിദ്യാർത്ഥികൾക്ക് നവകേരള ഫെലോഷിപ്പ് | 1500 ഗ്രാമീണ റോഡുകൾ | മാങ്കുളം ജലവൈദ്യുത പദ്ധതി | ചേർത്തല മെഗാ ഫുഡ് പാർക്ക് | 15 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനസ് സെന്ററുകൾ...

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

/Keralainformation | /iprdkerala | Prdlive

git DGTL